
# പാറശ്ശാല

ഭദ്രാസന ബുള്ളറ്റിൻ

വാല്യം 4 ലക്കം 5 ഒക്ടോബർ 2021

## ആർച്ചുബിഷപ്പ് ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ 27-ാം ഓർമ്മപ്പെരുന്നാൾ



**അഭിവന്ദ്യ ജേക്കബ് മാർ ബർണബാസ് തിരുമേനിയ്ക്ക്**
**പാറശ്ശാല ഭദ്രാസനത്തിന്റെ പ്രാർത്ഥനാഞ്ജലികൾ**

# പാറശ്ശാല

ഭദ്രാസന ബുള്ളറ്റിൻ

TO BE EVERYTHING TO EVERYONE IN CHRIST

*Patron*
His Excellency
Thomas Mar Eusebius

*Chief Editor*
Fr. Abin Mullackal

*Managing Editor*
Msgr. Selin Jose
Konathuvila

*Printed & Published By*
Very Rev. Fr. Hormis
Puthenveettil (*Chancellor*)

വാല്യം 4 ഒക്ടോബർ 2021 ലക്കം 5

ഉള്ളടക്കം

| | |
|---|---|
| ഇടയശബ്ദം | 2 |
| സർക്കുലർ – മാർ ഗ്രിഗോറിയോസ് ഓർമ്മപ്പെരുന്നാൾ | 4 |
| സർക്കുലർ – യുവജനദിനം – 2021 | 5 |
| സഭാ വാർത്തകൾ | 12 |
| ഭദ്രാസന വാർത്തകൾ | 16 |
| മിഷൻ വാർത്തകൾ | 19 |
| വിശ്വാസ പരിശീലന കാര്യാലയം | 22 |
| മാതൃവേദി | 23 |
| എം.സി.വൈ.എം. | 24 |
| എം.സി.എ. | 28 |
| ബൈബിൾ അപ്പസ്തോലേറ്റ് | 30 |
| സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ | 31 |
| കുടുംബപ്രേഷിത കാര്യാലയം | 33 |
| ക്ഷേമ | 35 |
| വിദ്യാഭ്യാസം | 40 |

(*Private Circulation Only*)

# ഇടയശബ്ദം



**സ്നേഹമുള്ള സഹോദരീ സഹോദരന്മാരെ,**

ഒക്ടോബർ മാസം നമുക്ക് സമ്മാനിക്കുന്നത് വളരെ ഊഷ്മളമായ ഓർമ്മകളാണല്ലോ - മലങ്കര കത്തോലിക്കാ സഭയുടെ ആത്മീയ ചൈതന്യ സ്രോതസ്സായിരുന്ന അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ ധന്യമായ ജീവിതം സമ്മാനിച്ച ഓർമ്മകൾ. ഈ ഒക്ടോബർ പത്താം തീയതി അഭിവന്ദ്യ പിതാവിന്റെ സ്വർഗ്ഗീയ യാത്രയുടെ ഇരുപത്തിയേഴാം വാർഷികം നാം ആഘോഷിച്ചുവല്ലോ. ഒരു മനുഷ്യ ജന്മത്തിന് സാധ്യമായ നന്മകൾ അതിന്റെ സമഗ്രതയിൽ ജീവിക്കുവാനും സാക്ഷിക്കുവാനും സാധിച്ചു എന്നത് വന്ദ്യ പിതാവിന്റെ ജീവിതത്തിന്റെ സവിശേഷതയായിരുന്നു. അചഞ്ചലവും ആഴമേറിയതുമായ ദൈവവിശ്വാസവും, ആ വിശ്വാസം അനുശാസിച്ച അസാധാരണമായ മനുഷ്യ സ്നേഹവും മൂല്യബോധവും സമർപ്പണവും ആ ജീവിതത്തെ വ്യത്യസ്തമാക്കി. ദൈവവിശ്വാസം ആ ജീവിതത്തിന്റെ അടിസ്ഥാനമായിരുന്നു. പരോന്മുഖത ജീവിതത്തിന്റെ പ്രകൃതമായിരുന്നു. സുവിശേഷം നിദർശിക്കുന്ന മൂല്യങ്ങളിൽ യാതൊരു ഇളവിനും ആ ജീവിതം സന്നദ്ധമായിരുന്നില്ല. ഒരു പിതാവിന്റെ മക്കളായ മനുഷ്യരെല്ലാവരും ദൈവമക്കളുടെ അന്തഃസ്സിൽ ജീവിക്കണമെന്ന നിഷ്ഠ വന്ദ്യ പിതാവ് തന്റെ ജീവിതത്തിൽ നിരന്തരം പുലർത്തി. ഈ നിഷ്ഠ, മനുഷ്യജീവിതോദ്ധാരണത്തിന്റെ സർവ്വതലങ്ങളിലും സമർപ്പിതനാകുവാൻ വന്ദ്യ പിതാവിന് പ്രേരകമായി.

തന്റെ അടിയുറച്ച ആത്മീയ ജീവിതവും ഉദാത്തമായ പ്രാർത്ഥനാനുഭവവും വിദ്യാഭ്യാസ ശുശ്രൂഷകളും കാർഷിക താല്പര്യങ്ങളും സാമ്പത്തിക വിചിന്തനങ്ങളും മതാന്തര ബന്ധങ്ങളും ഗൗരവമായ പ്രകൃതി സ്നേഹവുമെല്ലാം ഈ ദൈവവിശ്വാസത്തിന്റെയും പരോന്മുഖതയുടെയും പ്രതിഫലനങ്ങൾ മാത്രമായിരുന്നു. ഇത്ര സമഗ്രതയുള്ള ജീവിത സാക്ഷ്യ ങ്ങൾ വിരളമായി മാത്രമേ മനുഷ്യസമൂഹത്തിന് ലഭിക്കാറുള്ളു. ഈ വലിയ ദൈവദാനത്തെ പ്രതി നമുക്കെന്നും ദൈവസന്നിധിയിൽ നന്ദിയുള്ളവരായിരിക്കാം.

നമ്മുടെ ഭദ്രാസനത്തിലെ മിഷനുകളുടെയും കൂട്ടായ്മകളുടെയും സംസ്ഥാപനത്തിനും വളർച്ചയ്ക്കും ഈ പ്രദേശത്തിന്റെ ആത്മീയവും ഭൗതികവുമായ പുരോഗതിക്കും അഭിവന്ദ്യ ഗ്രിഗോറിയോസ് പിതാവിന്റെ നേതൃത്വവും സമർപ്പണവും എത്രയധികം കാരണമായി എന്നത് നമ്മുടെ ശക്തമായ അനുഭവത്തിന്റെ ഭാഗമാണല്ലോ. വന്ദ്യ പിതാവിനെ ദൈവസന്നിധിയിൽ നന്ദിയോടെ അനുസ്മരിക്കുന്നതിനോടൊപ്പം ആ പൈതൃകത്തിന്റെ നന്മകൾ നമ്മുടെ ജീവിതത്തെയും നിയോഗങ്ങളെയും സാരമായി സ്വാധീനിക്കുവാൻ നമുക്ക് അനുവദിക്കുകയും ചെയ്യാം.

സസ്നേഹം,

+ Eusebius

✠ തോമസ് മാർ യൗസേബിയോസ്

THE SYRO-MALANKARA CATHOLIC CHURCH
MAJOR ARCHDIOCESE OF TRIVANDRUM

**BASELIOS CARDINAL CLEEMIS**
Major Archbishop-Catholicos &
Major Archbishop of Trivandrum

MAJOR ARCHBISHOP'S HOUSE
PATTOM, TRIVANDRUM-695004

Prot. N. CL-TVM 5/2021

28 September 2021

# സർക്കുലർ

## ആർച്ചുബിഷപ്പ് ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ 27-ാം ഓർമ്മപ്പെരുന്നാൾ

വന്ദ്യ കോറെപ്പിസ്കോപ്പാമാരേ, ബഹു. വൈദികരേ, ശെമ്മാശന്മാരേ, സന്യസ്തരേ, കർത്താവിൽ പ്രിയ വിശ്വാസികളേ,

മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ രണ്ടാമത്തെ മെത്രാപ്പോലീത്തൻ ആർച്ചുബിഷപ്പ് പുണ്യശ്ലോകനായ ആർച്ചുബിഷപ്പ് ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനി സ്വർഗസമ്മാനത്തിനായി വിളിക്കപ്പെട്ടിട്ട് 2021 ഒക്ടോബർ 10-ന് 27 വർഷം തികയുകയാണ്.

ഒക്ടോബർ 10 ഞായറാഴ്ച ആയതിനാൽ, പുണ്യശ്ലോകനായ ആർച്ചുബിഷപ്പ് ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ 27-ാം ഓർമ്മപ്പെരുന്നാൾ 2021 ഒക്ടോബർ 8, 9 ദിവസങ്ങളിൽ തിരുമേനി അന്ത്യവിശ്രമം കൊള്ളുന്ന പട്ടം സെന്റ് മേരീസ് കത്തീഡ്രൽ ദൈവാലയത്തിൽ ആചരിക്കുകയാണ്. **2021 ഒക്ടോബർ 8 വെള്ളിയാഴ്ച വൈകുന്നേരം 6.30-ന്** സന്ധ്യാനമസ്കാരവും കബറിങ്കൽ ധൂപപ്രാർത്ഥനയും നടക്കും. **2021 ഒക്ടോബർ 9 ശനിയാഴ്ച രാവിലെ 6.30-ന് വി. കുർബാനയും** തുടർന്ന് ധൂപപ്രാർത്ഥനയും നേർച്ചവിളമ്പും നടക്കും. സഭയുടെയും സമൂഹത്തിന്റെയും വിശ്വസ്തനും വിവേകിയുമായ കാര്യസ്ഥനും വിശാല മനുഷ്യ സമൂഹത്തിന് മാർഗദർശിയുമായിരുന്ന വന്ദ്യപിതാവിന്റെ അമ്പതിലേറെ വർഷത്തെ പൗരോഹിത്യ ശുശ്രൂഷയും നാല്പത്തിയൊന്നു വർഷത്തെ മേല്പ്പട്ട ശുശ്രൂഷയും വഴിയായി മലങ്കര സുറിയാനി കത്തോലിക്കാ സഭയ്ക്കും നമ്മുടെ അതിഭദ്രാസനത്തിനും നമ്മുടെ നാടിനും ലഭിച്ച നിരവധിയായ അനുഗ്രഹങ്ങൾ അനുസ്മരിക്കുന്നതിനും ദൈവത്തിന് കൃതജ്ഞതയർപ്പിക്കുന്നതിനുമുള്ള സമയമാണ് ഈ ഓർമ്മപ്പെരുന്നാൾ.

2021 ഒക്ടോബർ 10 ഞായറാഴ്ച നമ്മുടെ എല്ലാ ഇടവകകളിലും മിഷനുകളിലും വന്ദ്യ പിതാവിനുവേണ്ടി ധൂപപ്രാർത്ഥന നടത്തുകയും ചെയ്യേണ്ടതാണ്.

സ്നേഹാശീർവ്വാദങ്ങളോടെ,

+Baselios Cleemis

✠ **കർദ്ദിനാൾ ബസേലിയോസ് ക്ലീമീസ് ബാവാ**
തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ
മേജർ ആർച്ചുബിഷപ്പ്-കാതോലിക്കോസ്.

## മലങ്കര സുറിയാനി കത്തോലിക്കാ സഭ

# യുവജനദിന സന്ദേശം-2021

### യുവജനങ്ങൾക്കുവേണ്ടിയുള്ള സുന്നഹദോസ് കമ്മീഷൻ ചെയർമാൻ മോസ്റ്റ് റവ. വിൻസെന്റ് മാർ പൗലോസ് മെത്രാപ്പോലീത്തായുടെ സന്ദേശം

പ്രിയ ബഹുമാനപ്പെട്ട വൈദികരെ, സിസ്റ്റേഴ്സ്, എന്റെ പ്രിയ യുവജന സുഹൃത്തുക്കളെ,

"... ഞാൻ നിങ്ങളെ രക്ഷിച്ച് അനുഗ്രഹമാക്കും. ഭയപ്പെടേണ്ട, കരുത്താർജ്ജിക്കുവിൻ" (സഖ 8:13)

### യുവജനങ്ങൾ ദൗത്യവുമായി

എല്ലാ വർഷവും വി. ഫ്രാൻസിസ് അസീസിയുടെ തിരുനാളിനോട് ചേർന്നുള്ള ഞായറാഴ്ച, നാം മാറ്റിവയ്ക്കുന്നത് സഭയുടെയും സമൂഹത്തിന്റെയും പ്രതീക്ഷയായ യുവജനങ്ങളിലേയ്ക്ക് ശ്രദ്ധ കേന്ദ്രീകരിക്കാനാണ്. നമ്മുടെ സഭയിലെ യുവജനങ്ങൾക്കായി സമർപ്പിച്ചിരിക്കുന്ന ദിനം ഈ വർഷം ഒക്ടോബർ മാസം 3-ാം തീയതിയാണ്. ഓരോ ഇടവകയും വിശുദ്ധ കുർബാനയും അനുയോജ്യമായ ആത്മീയ പരിപാടികളുമായി ഈ ദിനം ആഘോഷിക്കണം; കാരണം, യുവജനങ്ങളെല്ലാം, ആരെയും ഒഴിവാക്കാതെ, ദൈവത്തിന്റെ ഹൃദയത്തിലും അങ്ങനെ സഭയുടെ ഹൃദയത്തിലുമാണ്. ഈ വർഷത്തെ യുവജന ദിനവുമായി ബന്ധപ്പെട്ട്, മഹാമാരിയെതുടർന്നുള്ള കാലഘട്ടത്തിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കാനായി മൂന്ന് മേഖലകളാണ് ഞാൻ മുന്നോട്ട് വയ്ക്കുന്നത്, വിശ്വാസജീവിതം, ആരോഗ്യം, പരിസ്ഥിതി.

### i. വിശ്വാസജീവിതം

മഹാമാരിയുടെ വ്യാപനം നമ്മുടെ വിശ്വാസ ജീവിതത്തിന്റെ ആഴം പരീക്ഷിക്കുന്ന സമയമായിരുന്നു. ഇത് നമ്മിൽ അനേകരെ ചില അടിസ്ഥാന ചോദ്യങ്ങളുയർത്തി ആശയക്കുഴപ്പത്തിലാക്കി. എന്തൊക്കെ

സംഭവിച്ചാലും ദൈവം നമ്മെ സ്നേഹിക്കുന്നുവെന്നും ആത്യന്തിക മായി നന്മ മാത്രമേ നമ്മുടെ ജീവിതത്തിൽ വരുത്തകയുള്ളുവെന്നും നമ്മുടെ വിശ്വാസം നമുക്ക് ഉറപ്പ് തരുന്നു. ദൈവഹിതത്തിനെതിരായി ഒന്നും തന്നെ നമ്മുടെ ജീവിതത്തിൽ സംഭവിക്കുകയുമില്ല. "ദൈവത്തെ സ്നേഹിക്കുന്നവർക്ക്, അവിടുത്തെ പദ്ധതിയനുസരിച്ച് വിളിക്കപ്പെട്ട വർക്ക്, അവിടുന്ന് സകലവും നന്മയ്ക്കായി പരിണമിപ്പിക്കുന്നുവെന്ന് നമുക്കറിയാമല്ലോ" (റോമ 8:28). ദൈവത്തിന്റെ നിഗൂഢമായ പദ്ധതി കളെ ഗ്രഹിക്കാനുള്ള എല്ലാ ജ്ഞാനവും നമുക്ക് ഉണ്ടാകണമെന്നില്ല, എന്നാൽ നമുക്കുള്ള പ്രത്യാശയെപ്പറ്റി വിശദീകരണം നൽകുവാൻ (1 പത്രോസ് 3:15) നാം ഒരുങ്ങിയിരിക്കണം. ദൈവപരിപാലനയുടെ പദ്ധ തിയിൽ നമുക്ക് വിശ്വാസമർപ്പിക്കാം. ദൈവമാണ് ഈ വിപത്ത് അനു വദിച്ചതെങ്കിൽ; കർത്താവ് തന്നെ അതിൽ നിന്നുള്ള ഉപരിനന്മ പുറ പ്പെടുവിക്കും. സർവനാശം വിതച്ച മഹാപ്രളയാനന്തരം നോഹയും കുടുംബവും പുതിയൊരു ജീവിതം ആരംഭിച്ചതുപോലെ, ഒരു നവജീവിതം ആസൂത്രണം ചെയ്യാനും ദൈവത്തോടും സഹമനു ഷ്യരോടും പ്രകൃതിയോടും ബന്ധപ്പെടാൻ നവമായ ഒരു രീതി കണ്ടെ ത്താനുമുള്ള അവസരമായി ഈ മഹാമാരിയെ നമുക്ക് നോക്കി കാണാം. വിശ്വാസികളെ സംബന്ധിച്ച്, വ്യക്തിമാഹാത്മ്യ സംസ്ക്കാരം, ആർത്തി സംസ്ക്കാരം, ഉപഭോഗ സംസ്ക്കാരം, സുഖഭോഗ സംസ്ക്കാരം, അധികാരഭ്രമം മുതലായവയും വിദ്വേഷത്തിന്റെ എല്ലാ മനോഭാവങ്ങളും ഉപേക്ഷിക്കാനുള്ള അവസരമാണിത്.

ഈ അടുത്ത കാലങ്ങളിലായി, ക്രിസ്തീയ നേതാക്കന്മാർക്കും കത്തോലിക്കാ സഭയുടെ പ്രബോധനങ്ങൾക്കുമെതിരെ നിക്ഷിപ്ത താല്പര്യങ്ങളും അജണ്ടകളുമുള്ള ചില വ്യക്തികൾ തൊടുത്തുവി ടുന്ന ആക്രമണങ്ങളുടെ വർദ്ധനവിന് നാം സാക്ഷ്യം വഹിക്കുകയാണ്. അതിലുപരിയായി, യുവജനങ്ങളുടെ മനസ്സിൽ സംശയമുളവാക്കുന്ന ധാരാളം തെറ്റായതും വിപരീതവുമായ ക്രിസ്തീയ പഠനങ്ങൾ പൊതു ധാരാ മാധ്യമങ്ങളിലും സാമൂഹിക മാധ്യമങ്ങളിലും പ്രചരിക്കുന്നുണ്ട്. ആയതിനാൽ നാം ജാഗ്രതയുള്ളവരായി നമ്മുടെ വിശ്വാസം ആഴപ്പെ ടുത്തുകയും തീവ്രമാർഗത്തിലേയ്ക്കോ വിദ്വേഷ പ്രതികരണത്തി ലേയ്ക്കോ തിരിയാതെ അവയെ പ്രതിരോധിക്കാൻ പഠിക്കുകയും വേണം.

### ii. ആരോഗ്യം

കോവിഡ്-19 സാഹചര്യം ഒരു പ്രധാന ആഗോള ആരോഗ്യ പ്രശ്ന മായി മാറിയിരിക്കുകയാണ്. ഇത് യുവജനങ്ങളുടെ ജീവിതത്തിൽ

പൂർവികതയില്ലാത്ത മാറ്റങ്ങൾ കൊണ്ടുവന്നിരിക്കുന്നു. ജീവന്റെ ദുർബലതയും ആരോഗ്യത്തിന്റെ പ്രാധാന്യവും ആളുകൾ ആഴത്തിൽ അനുഭവിക്കുന്നു. കൃത്യമായ വ്യായാമം, മതിയായ ഉറക്കം, സമീകൃത പോഷകാഹാരം, പോഷകഗുണില്ലാത്ത ഭക്ഷണം ഉപേക്ഷിക്കൽ എന്നിവയിലൂടെ നമ്മുടെ ശാരീരിക ആരോഗ്യം സംരക്ഷിക്കേണ്ടതിന്റെ പ്രാധാന്യത്തെപ്പറ്റി, കൃതജ്ഞതാപൂർവം, നാം തിരിച്ചറിഞ്ഞു. നമ്മുടെ ശരീരങ്ങൾ "പരിശുദ്ധാത്മാവിന്റെ ആലയങ്ങൾ" (1 കോറി 6:19) ആണെന്ന് ക്രിസ്ത്യാനികൾ എന്ന നിലയിൽ നമുക്കറിയാവുന്നതാണ്.

അച്ചടി മാധ്യമവും ദൃശ്യ-ശ്രവ്യ മാധ്യമങ്ങളും ഒരുപോലെ റിപ്പോർട്ടു ചെയ്യുന്നത് കോവിഡ്-19 മഹാമാരിയുടെ പരിണിതഫലമായി ഉത്കണ്ഠ, ഭയം, ഉറക്കമില്ലായ്മ, വിഷാദം, മാനസിക ആഘാത ഫലമായ വൈകല്യങ്ങൾ, ആത്മഹത്യാ പ്രവണത തുടങ്ങിയ മാനസികാരോഗ്യ പ്രശ്നങ്ങൾ ഉടലെടുക്കുന്നു എന്നാണ്. മനുഷ്യന്റെ ശാരീരിക (സാമൂഹിക) അകലം പാലിക്കലാണ് ഇതിന്റെ കാരണങ്ങളിലൊന്നായി റിപ്പോർട്ട് ചെയ്യപ്പെട്ടത്.

ഈ വെല്ലുവിളി നിറഞ്ഞ കാലഘട്ടത്തിൽ പൊതുവായും ഏറ്റവും അടിസ്ഥാനമായും പരസ്പരം താങ്ങാകാനുള്ള തൂണുകളായ സാമൂഹ്യ ഒത്തുചേരലിന്റെയും കൂട്ടായ ആരാധനയുടേയും വേദികളുടെ അഭാവമുണ്ട്. 'ക്രിസ്തു ജീവിക്കുന്നു' എന്ന സിനഡാനന്തര അപ്പസ്തോലിക ആഹ്വാനത്തിൽ ഫ്രാൻസിസ് പാപ്പാ പ്രവാചകശബ്ദത്തോടെ ഇപ്രകാരം കുറിച്ചിട്ടു: "ഡിജിറ്റൽ മീഡിയ ആളുകളെ ആസക്തിയിലേയ്ക്കും, ഒറ്റപ്പെടലിലേയ്ക്കും, മൂർത്തമായ യാഥാർത്ഥ്യവുമായുള്ള ബന്ധത്തിന്റെ സാവകാശത്തിലുള്ള നഷ്ടത്തിലേയ്ക്കും, ശരിയായ വ്യക്ത്യാന്തര ബന്ധങ്ങളുടെ വികാസത്തിനുള്ള തടസ്സങ്ങളിലേയ്ക്കും തള്ളിയിടുന്നു" (നം. 88). വെർച്ചൽ ബന്ധങ്ങളിൽ നിന്ന് നല്ലതും ആരോഗ്യപരവുമായ ആശയവിനിമയത്തിലേയ്ക്ക് മാറാനുള്ള വഴി അവർ കണ്ടെത്തേണമെന്നാണ് ഇതിനർത്ഥം.

മുഖാഭിമുഖ ആശയവിനിമയവും ബന്ധങ്ങളും മനുഷ്യകുലത്തിന് അത്യന്താപേക്ഷിതമാണ്. മനുഷ്യർ നിലനിൽപിന് മറ്റുള്ളവരുമായി ഇടപഴകാനുള്ള നൈസർഗികമായ ആവശ്യകതയുള്ളവരാണ്. മാനസിക ആരോഗ്യത്തെ പരിഗണിക്കുമ്പോൾ കുടുംബങ്ങളാണ് സംരക്ഷണവലയം തീർക്കുന്ന അടിസ്ഥാന ഘടകം. അതേസമയം, വ്യക്തികളുടെ മനഃശാസ്ത്രപരവും മാനസികവുമായ ആരോഗ്യം പരിഗണിക്കുമ്പോൾ സഭയും യുവജന പ്രസ്ഥാനവും സംരക്ഷണ ഘടക

ങ്ങളായി ഉയർന്നുവരാനുള്ള വഴികൾ നാം കണ്ടെത്തണം. കൂട്ടായ്മ ബോധത്തെയും അസ്ഥിത്വപരമായ പരസ്പരബന്ധത്തെയും കുറിച്ചുള്ള ബോധ്യം നൽകുന്ന ആശയം വളർത്തുന്നത് മാനസികാരോഗ്യം വലിയ തോതിൽ വർദ്ധിപ്പിക്കാൻ യുവജനങ്ങളെ സഹായിക്കും. മാനസിക-സാമൂഹിക, ആത്മീയ ആവശ്യങ്ങളിൽ ശ്രദ്ധ പതിപ്പിക്കുന്നത് നമ്മുടെ യുവജനങ്ങളുടെ ജീവിതനിലവാരവും ക്ഷേമവും വർദ്ധിപ്പിക്കാൻ യഥാർത്ഥത്തിൽ ഉതകും. പ്രതികൂലമായ ഈ സമയത്ത് സമൂഹ നിർമ്മിതി പരിപോഷിപ്പിക്കാൻ സാധ്യമായ എല്ലാ പരിശ്രമങ്ങളും നാം നടത്തണം.

### iii. പരിസ്ഥിതി

മനുഷ്യന്റെ അത്യാഗ്രഹമാണ് പ്രകൃതി ദുരന്തങ്ങൾ, കാലാവസ്ഥാ വ്യതിയാനം, ആഗോള താപനം, സാരമായ പാരിസ്ഥിതിക നാശം എന്നിവയ്ക്ക് കാരണമെന്നത് പൊതുവായി അംഗീകരിക്കപ്പെട്ടതാണ്. എന്നിരുന്നാലും കാലാവസ്ഥ വ്യതിയാനത്തെ ലഘൂകരിക്കാൻ സാധിക്കുന്നവിധം ജീവിതശൈലിയിലും മനോഭാവങ്ങളിലും മാറ്റം വരുത്താൻ നിർബന്ധിച്ചുകൊണ്ട് പരിസ്ഥിതിയുടെ മേലുള്ള മാനുഷിക ആഘാതം ലഘൂകരിക്കാനുള്ള അനന്യമായ അവസരമാണ് മഹാമാരി നൽകുന്നത്. വിശ്രമിക്കാൻ അനുവദിച്ചാൽ സ്വയം വീണ്ടെടുക്കാൻ ഭൂമിക്ക് കഴിയുമെന്ന് മാസങ്ങളോളം നീണ്ടു നിന്ന ലോക്ഡൗണുകൾ നമ്മെ പഠിപ്പിച്ചു. വായു ശുദ്ധീകരിക്കപ്പെട്ടു, ജലാശയങ്ങൾ വൃത്തിയായി, മൃഗങ്ങളും പക്ഷികളും മുമ്പ് നശിച്ചുപോയ പ്രകൃതിദത്തമായ അവരുടെ ആവാസവ്യവസ്ഥയിലേക്ക് മടങ്ങി.

പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പാ തന്റെ ചാക്രിക ലേഖനമായ *ലൗഡാത്തോ സി*-യിലൂടെ 'സമഗ്ര പരിസ്ഥിതി ശാസ്ത്രം' എന്ന ആശയത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട് മനുഷ്യകുലവും പ്രകൃതിയും തമ്മിലുള്ള ചങ്ങാത്തത്തിലേയ്ക്ക് ക്ഷണിക്കുകയാണ്. മനുഷ്യരും ഭൂഗോളവും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. മനുഷ്യർ ഭൂമിയുടെ യജമാനന്മാരല്ല, മറിച്ച് അതിന്റെ കാര്യസ്ഥന്മാരും സൃഷ്ടിയെ പരിപാലിക്കാനുള്ള ദൈവീക വിളി ലഭിച്ചവരുമാണ്. ജനങ്ങളുടെ ആരോഗ്യവും പാരിസ്ഥിതിക അവസ്ഥയും തമ്മിൽ ഏറെ ബന്ധമുണ്ടെന്ന് കൊറോണ മഹാമാരി കാണിച്ചുതന്നു. അതിനാൽ, നമ്മുടെ ഊർജ ഉപയോഗം, ഗതാഗതം, ഭക്ഷണശീലങ്ങൾ എന്നിവ പരിശോധിക്കേണ്ടത് നമുക്ക് ആവശ്യമാണ്. ഈ പ്രശ്നത്തിന് ഒരു പരിഹാരമായി പരിശുദ്ധ പിതാവ് നിർദേശിക്കുന്നത് യേശുവിന്റെ നോട്ടത്തിലേയ്ക്ക്

പ്രവേശിക്കാനാണ്. പുത്രസഹജമായ സ്നേഹത്തോടും വിശ്വാസത്തോടും ആശ്രയത്തോടുംകൂടി യേശു പിതാവായ ദൈവത്തെ നോക്കി. അവൻ അനുകമ്പാർദ്രമായ നോട്ടത്തോടെ സഹമനുഷ്യരെ നോക്കി. താൽപര്യത്തോടും അതിശയത്തോടുംകൂടി അവൻ പ്രകൃതിയിലേയ്ക്കും പരിസ്ഥിതിയിലേയ്ക്കും നോക്കി. സൃഷ്ടിയുടെ അത്ഭുതംകൂറുന്ന സൗന്ദര്യം ധ്യാനിക്കുകയും അതിനോട് പൂർണമായി യോജിച്ച് ജീവിക്കുകയും ചെയ്ത യേശുവിന്റെ നോട്ടത്തിലേയ്ക്ക് പ്രവേശിക്കാനാണ് നാം വിളിക്കപ്പെട്ടിരിക്കുന്നത്.

ഏറെ അസ്വസ്ഥതയും പലപ്പോഴും മനുഷ്യ മനസ്സുകളിൽ പരിഭ്രാന്തിയും ഭയവുമുളവാക്കുന്നതാണ് ഈ നാളുകൾ. എന്നാൽ, കത്തോലിക്കർ എന്ന നിലയിൽ, ലോകത്തിലെ നമ്മുടെ ഏറ്റവും വലിയ സമ്മാനം പ്രത്യാശയാണ്. ഇന്ന്, യുവാക്കൾ പ്രത്യാശയുടെ കിരണങ്ങളാകാൻ വിളിക്കപ്പെട്ടിരിക്കുന്നു. മുകളിൽ അവതരിപ്പിച്ച ആശങ്കയുടെ വെളിച്ചത്തിൽ, സുവ്യക്തമായ ചില നിർദ്ദേശങ്ങൾ വിശദീകരിക്കാൻ സാധിക്കും.

### a) ദൈവവചനത്തിൽ ജീവിക്കുക

യേശു ക്രിസ്തുവിനെ അനുഗമിക്കുക എന്നതിന്റെ അർത്ഥമെന്താണ്? കർത്താവ് തന്നെ പറയുന്നു, ഒരു ശിഷ്യനായിരിക്കുക എന്നത് അടിസ്ഥാനപരമായി രണ്ടു കാര്യങ്ങളാണ്: ദൈവവചനം ശ്രവിക്കുകയും അത് പ്രയോഗത്തിൽ വരുത്തുകയും ചെയ്യുക. "ദൈവവചനം ശ്രവിക്കുകയും അത് പാലിക്കുകയും ചെയ്യുന്നവരാണ് തന്റെ അമ്മയും സഹോദരങ്ങളും" (ലൂക്കാ 8:21). നമ്മുടെ പാദങ്ങൾക്ക് പ്രകാശവും നമ്മുടെ പാതയിൽ വിളക്കുമായ ദൈവവചനം വായിക്കാനും ധ്യാനിക്കാനുമായി ആവശ്യമായ സമയം നാം മാറ്റി വയ്ക്കണം. സഹനത്തിന്റെയും വേദനയുടെയും നാളുകളിൽ പ്രാർത്ഥനയിൽ ദൈവത്തിൽ ശരണം വച്ച ആളുകളുടെ എണ്ണമറ്റ ഉദാഹരണങ്ങൾ വി. ബൈബിൾ നൽകുന്നുണ്ട്. ബൈബിളിന്റെ താളുകളിലൂടെ നാം കടന്നുപോകുമ്പോൾ, പ്രതിസന്ധിഘട്ടങ്ങളിൽ വീണ്ടും വീണ്ടും നന്മകൾ പുറപ്പെടുവിക്കുന്ന ദൈവത്തെയാണ് നാം കാണുന്നത്. ദൈവവചനം തീർച്ചയായും കർത്താവിലുള്ള നമ്മുടെ വിശ്വാസത്തെ ദൃഢപ്പെടുത്തും.

### b) യുവജനങ്ങൾ: എല്ലായ്പ്പോഴും മിഷനറിമാർ

എല്ലാ യുവജനങ്ങൾക്കും, ഏറ്റവും ദുർബലർക്കും, പരിമിതിയുള്ളവർക്കും പ്രശ്നക്കാർക്കുപോലും, അവരുടേതായ രീതിയിൽ, മിഷ

നരിമാരാകാം, കാരണം “വിവിധ പരിമിതികളോടൊപ്പം നിലകൊള്ളു മ്പോഴും നന്മ എല്ലായ്പ്പോഴും പങ്കുവയ്ക്കപ്പെടാം.” ഇന്നത്തെ സാഹ ചര്യത്തിൽ, ദൈവത്തോടും സഹജീവികളോടും പ്രകൃതിയോടും നല്ല ബന്ധം പുലർത്തുന്ന ജീവിതം നയിച്ചുകൊണ്ട് യുവജനങ്ങൾക്ക് ധാരാളം മാറ്റങ്ങൾ വരുത്താൻ സാധിക്കും. ആധുനിക നാളുകളിലെ സുവിശേഷകരായ യുവജനങ്ങളുടെ ഊർജവും, ചടുലതയും സഭയ്ക്ക് ആവശ്യമാണ്. ഇന്ത്യയുടെ വിവിധ പ്രദേശങ്ങളിലേയ്ക്കുള്ള ഹ്രസ്വ കാലവും ദീർഘകാലവുമായുള്ള മിഷൻ യാത്രകൾ നടത്താൻ യുവജ നങ്ങൾ സന്നദ്ധതയും ധൈര്യവും പ്രകടിപ്പിക്കേണ്ടതുണ്ട്. ഇത് അവരുടെ വിശ്വാസത്തെ ശക്തിപ്പെടുത്തുന്നതുകൊണ്ട് അതിന്റെ ഏറ്റവും വലിയ ഗുണഭോക്താക്കൾ യുവജനങ്ങളായിരിക്കും.

### c) <u>സമഗ്രമായ ജീവിത ശൈലി രൂപീകരിക്കുക</u>

കോവിഡാനന്തര ലോകത്ത് ഏറ്റവും ലളിതവും പരിസ്ഥിതി സുസ്ഥിരവുമായ ഒരു ജീവിതരീതി നാം വികസിപ്പിക്കേണ്ടതുണ്ട്. മഹാമാരി, നിലവിൽ ആഗോള വ്യാപകമായിരിക്കുമ്പോൾ, നമ്മുടെ ഗ്രഹത്തെയും നമ്മുടെ തന്നെ ക്ഷേമത്തെയും നശിപ്പിക്കുന്നത് ഒഴി വാക്കാൻ  ഹരിതാഭമായതും കൂടുതൽ സുസ്ഥിരവുമായ ഒരു സമൂഹ ത്തിലേയ്ക്ക് മാറാനുള്ള അനന്യമായ ഒരു സാധ്യത നൽകുകയാണ്. മിതവും ആരോഗ്യപരവുമായ ഭക്ഷണ ശീലങ്ങളും പരിസ്ഥിതി സുസ്ഥി രമായ ജീവിത ശൈലികളും ഉൾക്കൊള്ളാൻ നാം പഠിക്കേണ്ടിയിരി ക്കുന്നു. നമുക്ക് നമ്മുടെ ആത്മീയതയെ ഹരിതാഭമാക്കുകയും സഭയെ ഹരിതമയമാക്കുകയും ചെയ്യാം.

### d) <u>ഡിജിറ്റൽ മീഡിയയുടെ ഉത്തരവാദിത്വപരമായ ഉപയോഗം</u>

വ്യാജ വാർത്തകളിൽ നിന്ന് വസ്തുതകളെ വേർതിരിച്ചറിയാനും, ശാസ്ത്രീയമായി പരിശോധിക്കാത്ത ഏതൊരു സന്ദേശവും കൈമാറുന്നതിൽ (forwarding) നിന്ന് പിൻതിരിയാനും നാം പഠിക്കേ ണ്ടിയിരിക്കുന്നു. ഡിജിറ്റൽ മാധ്യമങ്ങളുടെ ഉപയോഗത്തിൽ നാം ബുദ്ധിയും ഉത്തരവാദിത്വബോധവുമുള്ള ഉപയോക്താക്കളായി മാറണം. കോവിഡ് 19 മഹാമാരിയുടെ വ്യാപനം ലഘൂകരിക്കുന്നതിന് “ശാരീരിക അകലം” ആവശ്യമായിരിക്കുമ്പോഴും ഒറ്റപ്പെടുന്നതിന്റെയും ക്വാറന്റീന്റെയും സമയങ്ങളിൽ ആത്മീയവും ശാരീരികമല്ലാത്തതുമായ അടുപ്പം മുമ്പുള്ളതിനേക്കാൾ അനിവാര്യമാണ്. ഓൺലൈൻ മീറ്റിം ഗുകൾ, പങ്കുവയ്ക്കുന്ന കൂട്ടായ്മകൾ, ഹ്രസ്വമായ പ്രാർത്ഥനകൾ, സമൂ ഹത്തിലെ രോഗികളുമായുള്ള ബന്ധം എന്നിവ ആഴമേറിയതും അർത്ഥ

വത്തായതുമായ രീതികളിൽ പ്രോത്സാഹിപ്പിക്കപ്പെടേണ്ടതാണ്. എന്റെ പ്രിയ യുവജന സുഹൃത്തുക്കളെ, എല്ലാ ദിവസവും കുടുംബപ്രാർത്ഥ നയിൽ പങ്കെടുക്കുവാനും, പകർച്ച വ്യാധിയെക്കുറിച്ചുള്ള അനാവശ്യ വിവരങ്ങളുമായുള്ള സമ്പർക്കം പരിമിതപ്പെടുത്തുവാനും, സ്വയം തിര ക്കുകളിലായിരിക്കുവാനും, ഇലക്ട്രോണിക്സ് മാധ്യമങ്ങളില്ലാത്ത കായിക വിനോദങ്ങളിലേയ്ക്ക് പ്രവേശിക്കുവാനും, സാമൂഹിക ഇട പെടലുകൾക്ക് സമയം കണ്ടെത്തുവാനും നിങ്ങളെ ഞാൻ ഉദ്ബോധി പ്പിക്കുന്നു.

ഈ യുവജനദിനം അതാത് യൂണിറ്റുകൾ ഏറെ അർത്ഥവത്തായി ആഘോഷിക്കുവാൻ ഞാൻ നിങ്ങളോട് ആവശ്യപ്പെടുന്നു. സഭാതല യുവജനദിന പരിപാടികൾ തിരുവനന്തപുരം മേജർ അതിഭദ്രാസന ത്തിന്റെ ആതിഥേയത്വത്തിൽ മണ്ണന്തല വി. ജോൺ പോൾ രണ്ടാമൻ മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ വച്ച് 2021 ഒക്ടോ ബർ 3, ഞായറാഴ്ച നടക്കുന്നതാണ്. നമ്മുടെ സഭയിലെ എല്ലാ ഇടവകകളിലെയും ഈ ദിവസത്തെ കാണിക്ക, ഭദ്രാസന സാമ്പത്തിക കാര്യാലയത്തിൽ ഏൽപ്പിക്കുവാൻ നിങ്ങളെ ഞാൻ ഓർമ്മിപ്പിക്കുന്നു. കാണിക്കയുടെ പകുതി തുക ഭദ്രാസനത്തിലെ യുവജന ശുശ്രൂഷയ്ക്കായി ഉപയോഗിക്കുക. സഭാതലത്തിലെ യുവജന ശുശ്രൂ ഷയ്ക്കായി ഉപയോഗിക്കാനായി മറുപകുതി മേജർ ആർക്കി എപ്പി സ്ക്കോപ്പൽ കൂരിയായിൽ നൽകുവാനായി ഭദ്രാസന ഫിനാൻസ് ഓഫീ സർമാരോട് ആവശ്യപ്പെടുകയാണ്.

ദൈവം നിങ്ങളെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

സ്നേഹത്തിൽ അനുഗ്രഹം നേർന്നുകൊണ്ട്,

**✠ വിൻസെന്റ് മാർ പൗലോസ് മെത്രാപ്പോലീത്ത**
ചെയർമാൻ, സഭാതല യുവജന സിനഡൽ കമ്മീഷൻ &
മാർത്താണ്ഡം ഭദ്രാസനാദ്ധ്യക്ഷൻ

25-09-2021
കാതോലിക്കേറ്റ് സെന്റർ
പട്ടം, തിരുവനന്തപുരം

# മലങ്കര സുറിയാനി കത്തോലിക്കാ സഭ

## അഭിവന്ദ്യ ജേക്കബ് മാർ ബർണബാസ് മെത്രാപ്പോലീത്താ തിരുമേനി കാലം ചെയ്തു

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ഡൽഹി ഗുഡ്ഗാവ് സെന്റ് ജോൺ ക്രിസോസ്റ്റം ഭദ്രാസനത്തിന്റെ പ്രഥമ അദ്ധ്യക്ഷനും മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ സുവിശേഷസംഘത്തിന്റെ ചെയർമാനുമായ അഭിവന്ദ്യ ജേക്കബ് മാർ ബർണബാസ് തിരുമേനി 2021 ഓഗസ്റ്റ് 26-ന് കാലം ചെയ്തു.

അഭിവന്ദ്യ ബർണബാസ് തിരുമേനിയുടെ ഭൗതികശരീരം പൊതുദർശനത്തിന് വച്ചിരുന്ന സെന്റ് മേരീസ് കത്തീഡ്രലിൽ ജീവിതത്തിന്റെ നാനാതുറകളിൽപ്പെട്ടവർ അന്തിമോപചാരം അർപ്പിച്ചു. ഇന്ത്യയിലെ വത്തിക്കാൻ പ്രതിനിധി അഭിവന്ദ്യ ആർച്ചുബിഷപ്പ് ലെപ്പാൾദോ ജിറെല്ലി പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പയുടെയും പൗരസ്ത്യ തിരുസംഘത്തിന്റെ അദ്ധ്യക്ഷൻ അത്യുന്നത കർദ്ദിനാൾ ലിയനാർദോ സാന്ദ്രി തിരുമേനിയുടെയും അനുശോചന സന്ദേശം കബറടക്ക ശുശ്രൂഷാമധ്യേ അറിയിച്ചു. മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പരമാദ്ധ്യക്ഷൻ അത്യഭിവന്ദ്യ കർദ്ദിനാൾ മോറാൻ മോർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവാ തിരുമേനി ഓൺലൈനായി സന്ദേശം അറിയിച്ചു.

അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി പ്രത്യേകം ചുമതലപ്പെടുത്തിയതനുസരിച്ച് അഭിവന്ദ്യ ആർച്ചുബിഷപ്പ് തോമസ് മാർ കൂറിലോസ് തിരുമേനി കബറടക്ക ശുശ്രൂഷകൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. അഭിവന്ദ്യരായ ജോഷ്വാ മാർ ഇഗ്നാത്തിയോസ്, ജോസഫ് മാർ തോമസ്, വിൻസെന്റ് മാർ പൗലോസ്, സാമുവൽ മാർ ഐറേനിയോസ്, തോമസ് മാർ യൗസേബിയോസ്, തോമസ് മാർ അന്തോണിയോസ്, ഗീവർഗ്ഗീസ് മാർ മക്കാറിയോസ്, യൂഹാനോൻ മാർ

തെയഡോഷ്യസ് എന്നീ തിരുമേനിമാർ സഹകാർമ്മികരായിരുന്നു. ഡൽഹി ആർച്ചുബിഷപ്പ് അഭിവന്ദ്യ അനിൽ കുട്ടോ, സീറോ-മലബാർ സഭയുടെ ഫരീദാബാദ് രൂപതാദ്ധ്യക്ഷൻ ആർച്ചു ബിഷപ്പ് ഭരണി ക്കുളങ്ങര, ഷിംല-ചണ്ഡിഗഡ് രൂപതാദ്ധ്യക്ഷൻ ഇഗ്നേഷ്യസ് ലയോള മസ്ക്കരനാസ്, ജമ്മു രൂപതാദ്ധ്യക്ഷൻ ഐവാൻ പെരേരാ, ഫരീദബാദ് സഹായമെത്രാൻ ജോസ് പുത്തൻവീട്ടിൽ എന്നീ തിരുമേനിമാരും കബറടക്ക ശുശ്രൂഷയിൽ സംബന്ധിച്ചു. മലങ്കര ഓർത്തഡോക്സ് സഭയുടെ ഡൽഹി ഭദ്രാസനാധിപൻ അഭിവന്ദ്യ യൂഹാനോൻ മാർ ദിമെത്രയോസ്, എം.പി. മാരായ ശ്രീ. അൽഫോൻസ് കണ്ണന്താനം, ശ്രീ. ആന്റോ ആന്റണി, ശ്രീ. ഡീൻ കുര്യാക്കോസ്, കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യയുടെ പ്രതിനിധി ശ്രീമതി ആനിരാജ, എന്നിവരും റിട്ടേർഡ് ജസ്റ്റിസ് ശ്രീ. കുര്യൻ ജോസഫ് ഡൽഹിയിലെ പൗരപ്രമുഖരും രാഷ്ട്രീയനേതാക്കളും അന്തിമോപചാരം അർപ്പിക്കാനെത്തി.

## മത, സമുദായ നേതാക്കളുടെ യോഗം

കേരളത്തിലെ സാമുദായിക രാഷ്ട്രീയ പശ്ചാത്തലത്തിൽ മത സൗഹാർദ്ദം കാത്തുസൂക്ഷിക്കുന്നതിന് ആഹ്വാനം ചെയ്തുകൊണ്ട് മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ തലവനും പിതാവുമായ അത്യഭിവന്ദ്യ കർദ്ദിനാൾ മോറാൻ മോർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവായുടെ നേതൃത്വത്തിൽ മത, സമുദായ നേതാ ക്കളുടെ യോഗം 2021 സെപ്റ്റംബർ 20-ന് തിരുവനന്തപുരത്ത് ചേർന്നു. ഇതര സമുദായങ്ങളുടെ വികാരങ്ങൾക്ക് മുറിവേൽക്കാതിരിക്കാൻ എല്ലാവരും പ്രത്യേകം ശ്രദ്ധിക്കണമെന്ന് സമുദായങ്ങൾക്കിടയിലുള്ള ഇഴയടുപ്പം നഷ്ടപ്പെടരുതെന്നും ഇതിനായി മത, ആത്മീയ മേഖലയി ലുള്ളവർ കൂടുതൽ ശ്രദ്ധയും കരുതലും പുലർത്തണമെന്നും അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി പറഞ്ഞു. മതങ്ങൾ തമ്മി ലുള്ള ആശയ വിനിമയത്തിനും മതസൗഹാർദ നടപടികൾക്കുമായി പ്രാദേശിക തലത്തിൽ വേദികൾ ഉണ്ടാകണമെന്നും യോഗം അഭി പ്രായപ്പെട്ടു.

വിവിധ മതങ്ങളെയും സമുദായങ്ങളെയും പ്രതിനിധീകരിച്ച് ശ്രീ. പാണക്കാട് മുനവ്വറലി ശിഹാബ് തങ്ങൾ, തിരുവനന്തപുരം ലത്തീൻ അതിരൂപതയുടെ ആർച്ച് ബിഷപ് ഡോ. എം. സൂസൈപാക്യം, മലങ്കര മാർത്തോമ്മാ സുറിയാനി സഭയുടെ അഭിവന്ദ്യ ജോസഫ് മാർ ബർ ണബാസ് സഫ്രഗൻ മെത്രാപ്പോലീത്ത, മലങ്കര ഓർത്തഡോക്സ്

സഭയുടെ തിരുവനന്തപുരം ഭദ്രാസനാധ്യക്ഷൻ ഡോ. ഗബ്രിയേൽ മാർ ഗ്രഗോറിയോസ് മെത്രാപ്പോലിത്താ, സിറിയൻ ഓർത്തഡോക്സ് സഭയുടെ (യാക്കോബായ സഭയിലെ അഭിവന്ദ്യ മാത്യൂസ് മാർ അന്തീമോസ് മെത്രാപ്പോലിത്താ, തിരുവനന്തപുരം പാളയം ഇമാം ഡോ. വി. പി. സുഹൈബ് മൗലവി, ഡോ. ഹുസൈൻ മടവൂർ, കേരള മുസ്ലീം ജമാഅത്ത് കൗൺസിൽ പ്രസിഡന്റ് കരമന ബയാർ, ശാന്തിഗിരി ആശ്രമം ജനറൽ സെക്രട്ടറി സ്വാമി ഗുരുരത്നം ജ്ഞാന തപസ്വി, ശിവഗിരി മഠത്തിലെ സ്വാമി സൂക്ഷ്മാനന്ദ, ഏകലവ്യാ ശ്രമം സ്വാമി അശ്വതി തിരുനാൾ തുടങ്ങിയവർ പങ്കെടുത്തു.

## പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസ്

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പരിശുദ്ധ എപ്പികോപ്പൽ സുന്നഹദോസ് 2021 സെപ്റ്റംബർ 23ന് ഉച്ചകഴിഞ്ഞ് തിരുവല്ല അതിഭദ്രാസന കേന്ദ്രമായ മേരിഗിരി അരമനയിൽ, സഭയുടെ പരമാദ്ധ്യക്ഷൻ അത്യഭിവന്ദ്യ കർദ്ദിനാൾ മോറാൻ മോർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവാ തിരുമേനിയുടെ അദ്ധ്യക്ഷതയിൽ സമ്മേളിച്ചു. സാമൂഹിക തിന്മകൾക്കെതിരെയുള്ള പോരാട്ടത്തിൽ സഭയും സമൂഹവും ഏകയോഗമായി മുന്നേറണമെന്ന് ആഹ്വാനം ചെയ്തു.

കേരളത്തിലെ മത-സാമുദായിക സൗഹൃദാന്തരീക്ഷം നിലനിർത്തുവാൻ അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി നടത്തുന്ന പരിശ്രമങ്ങളെ സുന്നഹദോസ് പിതാക്കന്മാർ പ്രത്യേകം അഭിനന്ദിച്ചു. പിതാക്കന്മാരുടെ പിന്തുണയും ബന്ധവും അറിയിച്ചു. മലങ്കര സുറിയാനി കത്തോലിക്കാ സഭയും സീറോ- മലബാർ കത്തോലിക്കാ സഭയും തമ്മിൽ നിലനിൽക്കുന്ന ഊഷ്മളമായ സ്നേഹവും ഐക്യവും അറിയിക്കുന്നതിന് സുന്നഹദോസ് സെകട്ടറിയായ തിരുവല്ല മെത്രാപ്പോലിത്തൻ ആർച്ചുബിഷപ്പ് അഭിവന്ദ്യ ഡോ. തോമസ് മാർ കൂറിലോസ് തിരുമേനി പാലാ ബിഷപ്പ് അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് തിരുമേനിയെ സന്ദർശിക്കണമെന്നും പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസ് തീരുമാനിച്ചു.

## പ്രധാനമന്ത്രി ശ്രീ. നരേന്ദ്രമോദിയും പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പയും തമ്മിൽ നടന്ന കൂടിക്കാഴ്ച

ഇന്ത്യൻ പ്രധാനമന്ത്രി ശ്രീ. നരേന്ദ്രമോദി ആഗോള കത്തോലിക്കാ സഭയുടെ പരമാദ്ധ്യക്ഷൻ പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പയുമായി 2021 ഒക്ടോബർ 30-ന് വത്തിക്കാനിൽ കൂടിക്കാഴ്ച

നടത്തി. പ്രധാനമന്ത്രി ശ്രീ. നരേന്ദ്രമോദിയും പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പായും തമ്മിൽ വത്തിക്കാനിൽ നടന്ന കൂടിക്കാഴ്ച പുരാതന സംസ്കാരത്തിന്റെ പ്രതിനിധിയും ലോക സമാധാനത്തിന്റെ പ്രതിനിധിയും തമ്മിലുള്ളതായിരുന്നു. ചർച്ചയ്ക്കൊടുവിൽ അദ്ദേഹത്തെ ഇന്ത്യയിലേയ്ക്ക് പ്രധാനമന്ത്രി ക്ഷണിച്ചു. 2014-ൽ അത്യഭിവന്ദ്യ കർദ്ദിനാൾ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവാ തിരുമേനി സി.ബി.സി.ഐ. പ്രസിഡന്റായിരുന്നപ്പോൾ മാർപാപ്പയെ ഇന്ത്യയിലേക്ക് ക്ഷണിക്കുവാനുള്ള നിർദ്ദേശം പ്രധാനമന്ത്രിയ്ക്ക് ആദ്യമായി സമർപ്പിച്ചിരുന്നു. ഈ കഴിഞ്ഞ ജനുവരിയിൽ ഇന്ത്യയിലെ കർദ്ദിനാൾമാർ മാർപാപ്പയെ ഇന്ത്യയിലേക്ക് ക്ഷണിക്കണമെന്ന് ആവശ്യം ഉന്നയിച്ചിരുന്നു.

## മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ വിശ്വാസ സംരക്ഷണ സമിതി

കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ ആഹ്വാനമനുസരിച്ച് ഓരോ വ്യക്തിഗത സഭയ്ക്കും വിശ്വാസ സംരക്ഷണ സമിതി രൂപീകരിക്കുന്നതിനും ഈ സമിതി കേരള കത്തോലിക്കാ മെത്രാൻ സമിതി (കെ.സി.ബി.സി.) യുടെ വിശ്വാസ സംരക്ഷണ സമിതിയിൽ ഓരോ സഭയെയും പ്രതിനിധീകരിക്കുന്നതിനുമായി നിയമിതരായി. മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ അപ്പോളജറ്റിക് സമിതി അംഗങ്ങളായി താഴെപ്പറയുന്ന ബഹു. വൈദികരെ മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പരമാദ്ധ്യക്ഷൻ അത്യഭിവന്ദ്യ കർദ്ദിനാൾ മോറാൻ മോർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവാ തിരുമേനി നിയമിച്ചു.

1. റവ. ഡോ. ഫിലിപ്പ് ചെമ്പകശ്ശേരി (സ്ക്രിപ്ച്ചർ)
2. റവ. ഡോ. ജോൺ പടിപ്പുരയ്ക്കൽ (മോറൽ തിയോളജി)
3. റവ. ഡോ. ആന്റണി കാക്കനാട്ട് (കാകെറ്റിക്സ്)
4. റവ. ഡോ. ചെറിയാൻ കോട്ടയിൽ (സിസ്റ്റമാറ്റിക്ക് തിയോളജി)
5. റവ. ഡോ. ജോളി കരിമ്പിൽ (ഡോക്മാറ്റിക് തിയോളജി)
6. റവ. ഫാ. ജോസഫ് വള്ളിയാട്ട് (പട്രോളജി/സഭാചരിത്രം)
7. റവ. ഡോ. പ്രഭീഷ് ജോർജ്ജ് മേക്കരിക്കത്ത് (മിസിയോളജി)
8. റവ. ഡോ. ജോർജ്ജ് തോമസ് കൊച്ചുവിളയിൽ (സഭാനിയമം)

# ഭദ്രാസന വാർത്തകൾ

## കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും സംരക്ഷണ പരിശീലനം

പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പയുടെ 'Vos estis lux mundi' എന്ന അപ്പോസ്തോലിക ലേഖനത്തിലൂടെ ആഹ്വാനം ചെയ്തതനുസരിച്ച് പാറശ്ശാല ഭദ്രാസന safe environment കമ്മിറ്റി ഭദ്രാസനാധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് തിരുമേനി രൂപീകരിച്ചു. കമ്മിറ്റിയുടെ പ്രവർത്തനങ്ങളുടെ ഭാഗമായുള്ള ആദ്യത്തെ ബോധവൽക്കരണ ക്ലാസ് ബഹുമാനപ്പെട്ട സിസ്റ്റേഴ്സിനുവേണ്ടി വെണ്ണിയൂർ പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് നടത്തി. രാവിലെ 8 30 ന് രജിസ്ട്രേഷനോടുകൂടി ആരംഭിച്ച ക്ലാസ്, മേരി മക്കൾ സന്യാസിനി സമൂഹത്തിന്റെ മദർ ജനറൽ ബഹുമാനപ്പെട്ട മദർ ലിഡിയ ഡി. എം. ഉദ്ഘാടനം ചെയ്തു. safe environment കമ്മിറ്റി ഡയറക്ടർ ശ്രീമതി സുനിത വി. ബി. ആശംസ സന്ദേശം നൽകി. തുടർന്ന് ശ്രീമതി അനീഷ. ശ്രീമതി എയ്ഞ്ചൽ മേരി ബഹുമാനപ്പെട്ട സിസ്റ്റർ സാന്ത്വന ഡി.എം., ശ്രീ. ജോൺ ഷൈജു, വെരി റവ. ഫാ വർഗീസ് നടുതല, റവ. ഫാ. അലോഷ്യസ് തുണ്ടുതട്ട്, റവ. ഫാ. അബിൻ മുല്ലയ്ക്കൽ എന്നിവർ ക്ലാസുകൾ നയിച്ചു. വൈകുന്നേരം നാലു മണിയോടുകൂടി ക്ലാസുകൾ സമാപിച്ചു. തുടർന്ന് ക്ലാസിൽ മുഴുവൻ സമയവും സംബന്ധിച്ച എല്ലാവർക്കും ഭദ്രാസനാധ്യക്ഷൻ ഒപ്പിട്ട സർട്ടിഫിക്കറ്റുകൾ മദർ ലിഡിയ വിതരണം ചെയ്തു. നിർമ്മല പ്രോവിൻസ് സുപ്പീരിയർ മദർ കാരുണ്യയും സമൂഹവും ഈ ക്ലാസിലേക്ക് ആവശ്യമായ അടിസ്ഥാന സൗകര്യവും ഭക്ഷണവും ക്രമപ്പെടുത്തുകയും ഏവർക്കും നന്ദി അറിയിക്കുകയും ചെയ്തു.

## വന്ദ്യ ഫിലിപ്പ് ഉഴുന്നല്ലൂർ കോർ എപ്പിസ്കോപ്പയുടെ ഓർമ്മ ദിനം

വന്ദ്യ ഫിലിപ്പ് ഉഴുന്നല്ലൂർ കോർ എപ്പിസ്കോപ്പയുടെ ഒന്നാം ഓർമ്മ ദിനം 2021 സെപ്റ്റംബർ ഇരുപത്തഞ്ചാം തീയതി ആചരിച്ചു.




വന്ദ്യ കോർ എപ്പിസ്കോപ്പ അന്ത്യവിശ്രമംകൊള്ളുന്ന, നെല്ലിക്കാട് ചാപ്പലിൽ അർപ്പിച്ച വിശുദ്ധ കുർബാനയിൽ, മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ തലവനും പിതാവുമായ അത്യഭിവന്ദ്യ മോറാൻ മോർ ബസേലിയോസ് ക്ലിമീസ് കാതോലിക്കാബാവ മുഖ്യ കാർമ്മികത്വം വഹിച്ചു. പാറശ്ശാല ഭദ്രാസന വികാരി ജനറൽ റൈറ്റ് റവ. മോൺ. ജോസ് കോണത്തുവിളയും ബഹുമാനപ്പെട്ട വൈദികരും സന്യസ്തരും വിശ്വാസികളും സന്നിഹിതരായിരുന്നു.

## അഭിനന്ദനങ്ങൾ





റോമിലെ പൊന്തിഫിക്കൽ ഓറിയന്റൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും 'ഓറിയന്റൽ കാനൻ ലോയിൽ' ലൈസൻഷ്യേറ്റ് പൂർത്തിയാക്കിയ റവ. ഫാ. ബിജോയ് ഊരാളിവിളയ്ക്കും, റോമിലെ സലേഷ്യൻ യൂണിവേഴ്സിറ്റിയിൽ നിന്നും 'യൂത്ത് മിനിസ്ട്രിയിൽ' സ്വർണ്ണ മെഡൽ നേടി ലൈസൻഷ്യേറ്റ് പൂർത്തിയാക്കിയ റവ. ഫാ. ബനഡിക്ട് വാറുവിളയ്ക്കും പാറശ്ശാല ഭദ്രാസനത്തിന്റ അഭിനന്ദനങ്ങൾ.

## ഓഫീസ് ഉദ്ഘാടനം



പാറശ്ശാല ഭദ്രാസനത്തിലെ സാമൂഹിക വികസന പ്രസ്ഥാനമായ ക്ഷേമ, വിൻസെന്റ് ഡി പോൾ സൊസൈറ്റി, ഫാമിലി അപ്പസ്തോലേറ്റ് എന്നിവയുടെ താൽക്കാലിക ഓഫീസുകൾ കൊടങ്ങാവിള ദൈവാല യത്തിന് സമീപം ആരംഭിച്ചു. ഓഫീസുകളുടെ ഉദ്ഘാടനം പാറശ്ശാല ഭദ്രാസനാധ്യക്ഷൻ അഭിവന്ദ്യ ഡോ. തോമസ് മാർ യൗസേബിയോസ് തിരുമേനി 2021 സെപ്റ്റംബർ മാസം അഞ്ചാം തീയതി നിർവഹിച്ചു. നെയ്യാറ്റിൻകര ജില്ലാ വികാരി വെരി റവ. ഫാ. ആന്റണി പ്ലാംപറമ്പിൽ, ക്ഷേമ ഡയറക്ടർ റവ. ഫാ. ജോർജ്ജ് വെട്ടിക്കാട്ടിൽ തുടങ്ങിയവർ ചട ങ്ങിൽ സന്നിഹിതരായിരുന്നു.

**നിയമനം**

| | |
|---|---|
| റവ. ഫാ. സേവ്യർ കോണത്തുവിള | : പൊന്നെടുത്തകുഴി, പൂവച്ചൽ, ചായ്ക്കുളം, ചെറുകോട് |
| റവ. ഫാ. തോമസ് പടിപ്പുരയ്ക്കൽ OFM | : കാനക്കുഴി, പുനലാൽ |
| റവ. ഫാ. ബിജോയ് ഊരാളിവിള | : ചായ്ക്കോട്ടുകോണം, താറാവിള |
| റവ. ഫാ. ബനഡിക്ട് വാറുവിള | : വൊക്കേഷൻ പ്രൊമോട്ടർ (മൈനർ സെമിനാരി) |

## കൊടിമരം കൂദാശ


പാറശ്ശാല കത്തീഡ്രൽ ദൈവാലയത്തിലെ കൊടിമരം പാറശ്ശാല ഭദ്രാസനാധ്യക്ഷൻ അഭിവന്ദ്യ ഡോ. തോമസ് മാർ യൗസേബിയോസ് തിരുമേനി 2021 ആഗസ്റ്റ് മാസം 29-ാം തീയതി രാവിലെ 8 മണിക്ക് കൂദാശ ചെയ്തു. കത്തീഡ്രൽ വികാരി വെരി റവ. ഫാ. ഹോർമ്മിസ് പുത്തൻ വീട്ടിൽ ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകി.

# മിഷൻ വാർത്തകൾ

## ഭദ്രാസന ഉപദേശി സംഗമം

ഈ വർഷത്തെ ഭദ്രാസന ദിനത്തോടനുബന്ധിച്ച് ഭദ്രാസനത്തിലെ വിവിധ ഇടവകകളിൽ ശുശ്രൂഷ ചെയ്യുന്ന ഉപദേശിമാരുടെ സംഗമം പാറശ്ശാല കത്തീഡ്രൽ ദൈവാലയത്തിൽ വച്ച് നടന്നു. ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് പിതാവ് ഉപദേശിമാരെ അഭിസംബോധന ചെയ്യുകയും കോവിഡുകാലത്തെ പ്രത്യേക ധന സഹായം ഉപദേശിമാർക്ക് നൽകുകയും ചെയ്തു. അൻപതോളം ഉപദേശിമാർ പങ്കെടുത്ത സംഗമം ലഘുഭക്ഷണത്തോടെ സമാപിച്ചു. ഭദ്രാസന മിഷൻ കോർഡിനേറ്റർ ബഹു. ഫാ. പ്രഭീഷ് ജോർജ്ജ്, ഭദ്രാസന ഫിനാൻസ് ഓഫീസർ ബഹു. ഫാ. ബർണാർഡ് വലിയവിള, കത്തീഡ്രൽ വികാരി ബഹു. ഹോർമീസ് പുത്തൻവീട്ടിൽ, എം.സി.വൈ.എം. അസി. ഡയറക്ടർ ബഹു. ഫാ. വിമൽ വിൻസെന്റ് എന്നിവർ ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകി.

## ചെമ്പൂര് വൈദികജില്ലാ ഉപദേശി സംഗമം



ചെമ്പൂര് വൈദിക ജില്ലയിലെ ഇടവകകളിൽ ശുശ്രൂഷ ചെയ്യുന്ന ഉപദേശിമാരുടെ സംഗമം 2021 ആഗസ്റ്റ് 15 ഞായറാഴ്ച ഉച്ചയ്ക്കു ശേഷം ചെമ്പൂര് സെന്റ് ജോസഫ്സ് ദൈവാലയത്തിൽ വച്ച് നടന്നു. ഭദ്രാസന മിഷൻ കോർഡിനേറ്റർ റവ. ഫാ. പ്രഭീഷ് ജോർജ്ജ് നേതൃത്വം നൽകിയ

സംഗമത്തിൽ 14 ഉപദേശിമാർ പങ്കെടുത്തു. ചെമ്പൂര് ജില്ലാ അതിർത്തിയിലെ പ്രദേശങ്ങളിലെ മിഷൻ സാധ്യതകളെക്കുറിച്ച് വിശദമായ ചർച്ചകൾ തദവസരത്തിൽ നടന്നു. ഇടവക വികാരി ബഹു. ജസ്റ്റിൻ നുള്ളിക്കാട്ടച്ചൻ സംഗമത്തിനുള്ള ക്രമീകരണങ്ങൾ ചെയ്തു.

## കാട്ടാക്കട വൈദികജില്ലാ ഉപദേശി സംഗമം



കാട്ടാക്കട വൈദിക ജില്ലയിലെ ഇടവകകളിലെ ഉപദേശിമാരുടെ സംഗമം 2021 ആഗസ്റ്റ് 29 ഞായറാഴ്ച ഉച്ചയ്ക്കു ശേഷം കാട്ടാക്കട മലങ്കര കത്തോലിക്കാ ദൈവാലയത്തിൽ വച്ച് നടന്നു. ഭദ്രാസന മിഷൻ കോർഡിനേറ്റർ റവ. ഫാ. പ്രഭീഷ് ജോർജ്ജ് നേതൃത്വം നൽകിയ സംഗമത്തിൽ ജില്ലാ വികാരി പെരിയ ബഹു. ഫാ. തോമസ് പൊറ്റപ്പുരയിടം ആമുഖ സന്ദേശം നൽകി. 10 ഇടവകകളിലെ ഉപദേശിമാർ സംഗമത്തിൽ പങ്കെടുത്തു. കാട്ടാക്കട ജില്ലാ അതിർത്തിയിലെ പ്രദേശങ്ങളിലെ മിഷൻ സാധ്യതകളെക്കുറിച്ച് വിശദമായ ചർച്ചകൾ തദവസരത്തിൽ നടന്നു.

## പഠന ക്ലാസ്

പാറശ്ശാല ഭദ്രാസനത്തിലെ ദൈവാലയങ്ങളിൽ ശുശ്രൂഷ ചെയ്യുന്ന ഉപദേശിമാർക്കുവേണ്ടിയുള്ള പ്രത്യേക പഠന ക്ലാസ് 2021 ഒക്ടോബർ 19 ചൊവ്വാഴ്ച പാറശ്ശാല കത്തീഡ്രൽ ദൈവാലയത്തിൽ വച്ച് രാവിലെ 8.30 മുതൽ വൈകിട്ട് 4.30 വരെ നടന്നു. കുഞ്ഞുങ്ങളുടേയും സ്ത്രീകളുടേയും ഭിന്നശേഷിക്കാരായ മുതിർന്നവരുടേയും സാമൂഹിക സുരക്ഷ എന്ന വിഷയം അധികരിച്ചു നടന്ന പഠന ശിബിരത്തിൽ പാറശ്ശാല ഭദ്രാസനത്തിലെ Safe Environment ടീം അംഗങ്ങൾ ക്ലാസുകൾ നയിച്ചു. 75 ഉപദേശിമാർ പഠന ക്ലാസിൽ പങ്കെടുത്തു. ക്രമീകര

ണങ്ങൾക്ക് ബഹു. ഫാ. വർഗീസ് നടുതല, ബഹു. ഫാ. പ്രഭീഷ് ജോർജ്ജ് എന്നിവർ നേതൃത്വം നൽകി.

## പാരിഷ് ഹാൾ കൂദാശ



എരുത്താവൂർ സേക്രഡ് ഹാർട്ട് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിനോട് ചേർന്നുള്ള പാരിഷ് ഹാളിന്റെ കൂദാശ പാറശ്ശാല ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് 2021 സെപ്റ്റംബർ 19-ാം തീയതി നിർവ്വഹിച്ചു. ഇടവക വികാരി റവ. ഫാ. മാത്യു വെട്ടിയോടിതടത്തിൽ, റവ. ഫാ. ഷീൻ പാലക്കുഴി എന്നീ വൈദികരും വിശ്വാസികളും ചടങ്ങിൽ സംബന്ധിച്ചു.

## ആദരാഞ്ജലികൾ



പാറശ്ശാല ഭദ്രാസനത്തിലെ വൈദികൻ റവ. ഫാ. ധർമ്മരാജന്റെ വത്സല മാതാവ് ശ്രീമതി കമലമ്മ (87) 2021 സെപ്റ്റംബർ 6-ാം തീയതി കർത്താവിൽ നിദ്രപ്രാപിച്ചു. പാറശ്ശാല ഭദ്രാസനത്തിന്റെ ആദരാഞ്ജലികളും പ്രാർത്ഥനകളും.



പൂവാർ ദൈവലയത്തിൽ ദീർഘകാലം ശുശ്രൂഷകനായിരുന്ന ശ്രീ. പത്രോസ് ഉപദേശി (73) 2021 ഒക്ടോബർ 2 ന് കർത്താവിൽ നിദ്രപ്രാപിച്ചു. ശവസംസ്കാര ശുശ്രൂഷ പിറ്റേദിവസം ഇടവക ദൈവാലയ സെമിത്തേരിയിൽ നടന്നു. പാറശ്ശാല ഭദ്രാസനത്തിന്റെ ആദരാഞ്ജലികളും പ്രാർത്ഥനകളും.

# വിശ്വാസ പരിശീലന കാര്യാലയം



## വിശ്വാസ പരിശീലന ദിനാഘോഷം

2021 ആഗസ്റ്റ് 1 ഞായറാഴ്ച പാറശ്ശാല ഭദ്രാസനത്തിൽ വിശ്വാസ പരിശീലന ദിനമായി ആചരിച്ചു. പതിവുപോലെ ഇടവക ദൈവാലയ ങ്ങളിൽ വിശ്വാസപരിശീലന ദിനം ആഘോഷിക്കുവാൻ സാധിക്കാത്ത ഈ സാഹചര്യത്തിൽ വിശ്വാസപരിശീലന ദിനത്തിന്റെ ആഘോഷ പരിപാടികൾ ഓൺലൈൻ വഴിയാണ് ഈ വർഷം നടത്തിയത്. ഓൺ ലൈൻ വഴിയുള്ള വിശ്വാസപരിശീലന ദിനാഘോഷങ്ങൾ രാവിലെ 11 മണിക്ക് ആരംഭിച്ചു. പാറശ്ശാല ഭദ്രാസനാധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്ത വിശ്വാസ പരിശീലന ദിനാ ഘോഷം ഉദ്ഘാടനം ചെയ്തു, വികാരി ജനറൽ പെരിയ ബഹുമാന പ്പെട്ട ജോസ് കോണത്തുവിള, റവ. സി. വിനീത പോൾ എന്നിവർ ആശം സകൾ അറിയിച്ചു. വിവിധ യൂണിറ്റുകളിലെ കുട്ടികൾ കലാപരിപാ ടികൾ അവതരിപ്പിച്ചു.

## പരീക്ഷാ ഫലം

2020-21 അധ്യായന വർഷം 10, 12 ക്ലാസുകളിൽ പരീക്ഷ എഴുതിയ വിദ്യാർത്ഥികളുടെ ഫലം 2021 ആഗസ്റ്റ് 1 ഞായറാഴ്ച പ്രസിദ്ധീകരിച്ചു. ഭദ്രാസന തലത്തിൽ റാങ്ക് നേടി വിജയിച്ച വിദ്യാർത്ഥികളെ ഭദ്രാസന സമിതിയുടെ നേതൃത്വത്തിൽ ഭവനങ്ങളിൽ ചെന്ന് അനുമോദിക്കുകയും ക്യാഷ് പ്രൈസ് നൽകുകയും ചെയ്തു.

## സ്വർഗ്ഗീയം 2021

പരിശുദ്ധ ദൈവമാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാളായ ഓഗസ്റ്റ് 15-ാം തീയതി നെയ്യാറ്റിൻകര വൈദിക ജില്ലയിലെ എം.സി.സി. എൽ. വിദ്യാർത്ഥികൾ **സ്വർഗ്ഗീയം** എന്ന പേരിൽ വിജ്ഞാനപ്രദമായ കലാപരിപാടികളിലൂടെ ദൈവമാതാവിനെകുറിച്ചുള്ള അറിവ് കുഞ്ഞുങ്ങൾക്കു പകർന്നു നൽകി.

ഇതിന് നേതൃത്വം നൽകിയ നെയ്യാറ്റിൻകര വൈദിക ജില്ലയിലെ വിശ്വാസപരിശീലന ഡയറക്ടർ ബഹുമാനപ്പെട്ട തോമസ് പ്രശാന്ത് അച്ചനോടും സഹപ്രവർത്തകരോടും ഉള്ള നന്ദി ഈ അവസരത്തിൽ അറിയിക്കുന്നു.

## പുനഃപരീക്ഷകൾ

പാറശ്ശാല ഭദ്രാസനം 2020 – 2021 അധ്യയന വർഷത്തിൽ നടത്തിയ 10, 12 ക്ലാസുകളിലെ പരീക്ഷ എഴുതാൻ സാധിക്കാത്തവർക്കും വിജയിക്കാൻ സാധിക്കാത്തവർക്കുമായി SAY പരീക്ഷ സെപ്റ്റംബർ മാസം 11-ാം തീയതി ശനിയാഴ്ച ഉച്ചയ്ക്ക് 2 മണിക്ക് ജില്ലാ കേന്ദ്രങ്ങളിൽ വച്ചു നടത്തി. SAY പരീക്ഷയുടെ ഫലം പ്രഖ്യാപിച്ചു. വിജയികൾക്ക് അഭിനന്ദനങ്ങൾ.

## പരീക്ഷാ രജിസ്ട്രേഷൻ

സണ്ടേസ്കൂൾ 10, 12 ക്ലാസുകളിലെ രജിസ്ട്രേഷൻ 2021 ഡിസംബർ 31 ന് മുമ്പായി പൂർത്തിയാക്കേണ്ടതാണ്. ഡിസംബർ 31 വരെ രജിസ്ട്രേഷൻ ഫീസ് 100 രൂപയും അതിനുശേഷം 200 രൂപ പിഴയോടുകൂടിയും രജിസ്ട്രേഷൻ ചെയ്യാവുന്നതാണ്.




## മാർ ഗ്രിഗോറിയോസ് അനുസ്മരണവും ഭദ്രാസന സമിതി യോഗവും

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ദ്വിതീയ ആർച്ച് ബിഷപ്പ് ഭാഗ്യസ്മരണാർഹനായ ബനഡിക്ട് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്താ തിരുമേനിയുടെ ഓർമ്മപ്പെരുന്നാളിനോട് അനുബന്ധിച്ച് അനുസ്മരണ യോഗവും മാതൃവേദി ഭദ്രാസന സമിതി യോഗവും മാതൃവേദി ഭദ്രാസന കാര്യാലയത്തിൽ വച്ച് 2021 ഒക്ടോബർ 11-ാം തീയതി നടത്തി. യോഗത്തിൽ ഭദ്രാസന സമിതി അംഗങ്ങളെല്ലാവരും പങ്കെടുത്തു.



# എം.സി.വൈ.എം.

## പാപ്പനംകോട് നിന്ന് പാറശ്ശാല വരെ: മാർ ഈവാനിയോസ് അനുസ്മരണ യാത്ര

എം.സി.വൈ.എം. പാറശ്ശാല ഭദ്രാസന സമിതിയുടെ നേതൃത്വത്തിൽ 2021 ആഗസ്റ്റ് 2 ന് പാപ്പനംകോട് ദൈവാലയത്തിൽ നിന്ന് ആരംഭിച്ച മാർ ഈവാനിയോസ് അനുസ്മരണ യാത്ര സെപ്തംബർ 11 ന് പാറശ്ശാല കത്തീഡ്രൽ ദൈവാലയത്തിൽ സമാപിച്ചു. അനുസ്മരണ യാത്രയുടെ ഭാഗമായി ഭദ്രാസനത്തിലെ എല്ലാ ദൈവാലയങ്ങളും മിഷൻ കേന്ദ്രങ്ങളും സന്ദർശിച്ച് ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ മാധ്യസ്ഥത്തിൽ പ്രാർത്ഥനയും പ്രത്യേക ധൂപപ്രാർത്ഥനയും നടത്തുകയും ഇടവകാംഗങ്ങളുടെ പ്രാർത്ഥനാ നിയോഗങ്ങൾ ശേഖരിക്കുകയും ചെയ്തു. മുൻകൂട്ടി നിശ്ചയിച്ച പ്രകാരം എല്ലാ ദിവസവും വൈകിട്ട് 4 മണി മുതൽ രാത്രി 8 മണി വരെ നീണ്ടു നിൽക്കുന്ന അനുസ്മരണയാത്രയിൽ ഓരോ ദിവസവും 5 ഇടവകകൾ വീതം സന്ദർശിച്ചു. ഭദ്രാസന സമിതിയുടെ നേതൃത്വത്തിൽ നടത്തിയ അനുസ്മരണയാത്രയിൽ അതാത് വൈദിക ജില്ലാ ഭാരവാഹികളും പങ്കാളികളായി. അനുസ്മരണയാത്രയിൽ ലഭിച്ച പ്രത്യേക നിയോഗങ്ങൾ പട്ടം കത്തീഡ്രൽ ദൈവാലയത്തിലെ മാർ ഈവാനിയോസ് പിതാവിന്റെ കബറിടത്തിൽ കൊണ്ടു പോയി സമർപ്പിച്ച് പ്രാർത്ഥിക്കുകയും ചെയ്തു. ഇടവക കൂട്ടായ്മകളെ ആത്മീയമായി ഉണർത്താൻ ഒരു മാസത്തോളം നീണ്ടു നിന്ന അനുസ്മരണയാത്രയിലൂടെ ഇടയായി.

സമാപന ദിവസമായ 2021 സെപ്തംബർ 11 ശനിയാഴ്ച ഭദ്രാസന വികാരി ജനറാൾ വന്ദ്യ ജോസ് കോണത്തുവിള അച്ചന്റെ മുഖ്യ കാർമ്മികത്വത്തിൽ കത്തീഡ്രൽ ദൈവാലയത്തിൽ വച്ച് നടന്ന വി.കുർബാനയിൽ ഭദ്രാസന ഡയറക്ടർ ബഹു. പ്രഭീഷ് ജോർജ്ജച്ചൻ, അസി. ഡയ

റക്ടർ. ബഹു. വിമൽ വിൻസെന്റച്ചൻ, ബഹു. ജില്ലാ ഡയറക്ടർമാർ എന്നിവർ സഹകാർമ്മികരായിരുന്നു. തുടർന്നു നടന്ന അനുസ്മരണ സമ്മേളനത്തിൽ ഭദ്രാസന അദ്ധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ യൗസേബിയൂസ് മെത്രാപ്പോലീത്താ മുഖ്യസന്ദേശം നൽകി. തദവസരത്തിൽ ഈ പ്രദേശത്തു നിന്നുമുള്ള മുൻകാല യുവജന നേതാക്കന്മാരെ ആദരിക്കുകയും ഈവാനിയൻ E യാത്രയിൽ പങ്കാളികളായ സൺഡേ സ്കൂൾ കുട്ടികൾക്കുള്ള അനുമോദന സർട്ടഫിക്കറ്റുകൾ വിതരണം ചെയ്യുകയും ചെയ്തു. അനുസ്മരണ യാത്രയുടെ ഭാഗമായി തയ്യാറാക്കിയ ഭദ്രാസനത്തിലെ എല്ലാ ദൈവാലയങ്ങളുടേയും ഫോട്ടോ ഫ്രെയിം ഭദ്രാസനാദ്ധ്യക്ഷന് ഔദ്യോഗികമായി ഭദ്രാസന സമിതി അംഗങ്ങൾ കൈമാറി. ഭദ്രാസന ദിനത്തോടനുബന്ധിച്ചു യുവജനങ്ങൾ നൽകുന്ന രൂപതാ ചാരിറ്റി ഫണ്ട്, ജില്ല പ്രതിനിധികളും ഭദ്രാസന പ്രതിനിധികളും അഭിവന്ദ്യ തോമസ് മാർ യൗസേബിയൂസ് പിതാവിന് സമർപ്പിച്ചു. ഭദ്രാസന-ജില്ലാ ഭാരവാഹികൾ പങ്കാളികളായ സമാപന ദിവസത്തെ പരിപാടികളിൽ മുൻകാല ഭാരവാഹികൾ പ്രത്യേക ക്ഷണിതാക്കളായിരുന്നു. ഭദ്രാസന ഡയറക്ടർ ബഹു. പ്രഭീഷ് ജോർജ്ജ് അച്ചൻ സ്വാഗതവും ഭദ്രാസന പ്രസിഡന്റ് ശ്രീ. ജസ്റ്റിൻ പൊന്നെടുത്തക്കുഴി കൃതജ്ഞതയും പറഞ്ഞു. ധൂപപ്രാർത്ഥന, നേർച്ച എന്നിവയോടെ അനുസ്മരണയാത്ര സമാപിച്ചു.

## ദൈവാലയങ്ങൾ ഓൺലൈൻ ഭൂപടത്തിൽ

പാറശ്ശാല ഭദ്രാസന എം.സി.വൈ.എം. സമിതിയുടെ നേതൃത്വത്തിൽ ഭദ്രാസനത്തിലെ എല്ലാ ദൈവലയങ്ങളുടേയും ലൊക്കേഷൻ ഗൂഗിൾ മാപ്പിൽ ഫോട്ടോയും അഡ്രസ്സും ഉൾപ്പെടെ ചേർത്തു. ഏതു ദൈവാലയത്തിലേയ്ക്കുമുള്ള വഴി ഓൺലൈനിൽ കണ്ടെത്താൻ ഇതിലൂടെ സഹായകരമാണ്. ഭദ്രാസന അസി. ഡയറക്ടർ ബഹു. വിമൽ വിൻസെന്റ് അച്ചന്റെ നേതൃത്വത്തിൽ ഭദ്രാസന സമിതി അംഗങ്ങളാണ് ഇത് ശ്രമീകരിച്ചത്.

## അസീസ്സിയൻസ് @ മിഷൻ

പാറശ്ശാല ഭദ്രാസന സമിതി അംഗങ്ങൾ പാറശ്ശാല ഭദ്രാസനത്തിലെ മിഷൻ ദൈവാലയമായ കഞ്ചാംപഴിഞ്ഞി 2021 ആഗസ്റ്റ് 21-ന് സന്ദർശിച്ചു. ഭദ്രാസന അസി. ഡയറക്ടർ ബഹു. വിമൽ വിൻസെന്റ് അച്ചന്റെ മുഖ്യകാർമ്മികത്വത്തിൽ വി. കുർബാന അർപ്പിച്ചു.





തദവസരത്തിൽ ഇടവകാംഗങ്ങൾക്ക് ഓണക്കിറ്റ് വിതരണം ചെയ്യുകയും ചെയ്തു. ഭദ്രാസന സമിതി അംഗങ്ങൾക്ക് വ്യത്യസ്തമായ അനുഭവമായിരുന്നു മിഷൻസന്ദർശനം. സ്നേഹഭോജനത്തോടെ സന്ദർശനം സമാപിച്ചു. മിഷൻ വികാരിയും ഭദ്രാസന ഡയറക്ടറുമായ ബഹു. പ്രഭീഷ് ജോർജ്ജ് അച്ചൻ ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകി.

മാർ ഈവാനിയോസ് അനുസ്മരണയാത്രയുടെ ഭാഗമായി ഭദ്രാസന യുവജന പ്രസ്ഥാനത്തിന്റെ മിഷൻ നിയോഗത്തിന്റെ ഭാഗമായി കള്ളിയൽ ഇടവകയുടെ ജീർണാവസ്ഥയിലായിരിക്കുന്ന ദൈവാലയത്തിലെ മേൽക്കൂര സംരക്ഷിക്കാനായി ടാർപ്പോളിൻകൊണ്ട് പൊതിയാൻ തീരുമാനിച്ചു. അതിനുള്ള ധനസഹായം അനുസ്മരണ യാത്രയുടെ സമാപന ദിനമായ സെപ്തംബർ 11-ന് ഇടവക വികാരി

ബഹു. ഫാ. സിറിൽ മാവിനഴികത്തിന് ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് പിതാവ് കൈമാറി.

**ഹെസദ് – 2021**




മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ 2021–ലെ യുവജന ദിനത്തോടനുബന്ധിച്ച് തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ ആതിഥേയത്വത്തിൽ മണ്ണന്തല സെന്റ് ജോൺ പോൾ രണ്ടാമൻ ദൈവാലയത്തിൽ വച്ച് നടന്ന ഹെസദ് 2021–ൽ പാറശ്ശാല ഭദ്രാസ സമിതി അംഗങ്ങൾ സംബന്ധിച്ചു. യുവജന കമ്മീഷൻ ചെയർമാൻ അഭിവന്ദ്യ വിൻസെന്റ് മാർ പൗലോസ് മെത്രാപ്പോലീത്തായുടെ നേതൃത്വത്തിൽ നടന്ന വി. കുർബാനയിലും പഠനക്ലാസിലും പൊതു സമ്മേളനത്തിലും ഭദ്രാസന പ്രസിഡന്റ് ശ്രീ. ജസ്റ്റിൻ പൊന്നെടുത്തക്കുഴി, ഡയറക്ടർ ഫാ പ്രഭീഷ് ജോർജ്ജ് എന്നിവരുടെ നേതൃത്വത്തിലുള്ള ഭദ്രാസന സമിതി അംഗങ്ങൾ സജീവമായി പങ്കെടുത്തു.

## കെ.സി.വൈ.എം. അർദ്ധവാർഷിക സമ്മേളനം

കേരള കാത്തലിക്ക് യൂത്ത് മൂവ്മെന്റിന്റെ 2021 വർഷത്തെ അർദ്ധവാർഷിക സെനറ്റ് സമ്മേളനം 2021 ഒക്ടോബർ 10ന് കൊല്ലം രൂപതയുടെ ആതിഥേയത്വത്തിൽ കൊട്ടിയം ഡോൺ ബോസ്കോ കോളേജിൽ വച്ച് നടന്നു. സമ്മേളനത്തിൽ പാറശ്ശാല ഭദ്രാസന യുവജന പ്രസ്ഥാനത്തെ പ്രതിനിധീകരിച്ച് കെ.സി.വൈ.എം. വൈസ് പ്രസിഡന്റ് അഗസ്റ്റിൻ ജോൺ, ഭദ്രാസന വൈസ് പ്രസിഡന്റ് സെലിൻ ചന്ദ്രബാബു, ഭദ്രാസന സെക്രട്ടറി ജിജോ ഇമ്മാനുവേൽ എന്നിവർ സംബന്ധിച്ചു.

## എം.സി.എ.



# മാർ ഗ്രിഗോറിയോസ് അനുസ്മരണവും സെന്റ് ജോസഫ് വർഷാചരണവും ആദരിക്കലും



എം.സി.എ. പാറശ്ശാല ഭദ്രാസന സമിതിയുടെ ആഭിമുഖ്യത്തിൽ ബാലരാമപുരം വൈദിക ജില്ലയിലെ വെണ്ണിയൂർ സെന്റ് ജോസഫ് ദൈവാലയത്തിൽ വച്ച് ഭാഗ്യസ്മരണാർഹനായ മാർ ഗ്രിഗോറിയോസ് പിതാവിന്റെ അനുസ്മരണവും സെന്റ്ജോസഫ് വർഷാചരണവും ആദരിക്കലും 2021 ഒക്ടോബർ മാസം 9-ാം തീയതി ശനിയാഴ്ച നടത്തി. മാർ ഗ്രിഗോറിയോസ് അനുസ്മരണം ഡോ. കെ. വൈ. ബനഡിക്ട് (മാർ തെയോഫിലോസ് ട്രെയിനിങ് കോളേജ് പ്രിൻസിപ്പാൾ) നടത്തുകയും സെന്റ് ജോസഫ് വർഷാചരണ സന്ദേശം വെരി. റവ. ഫാ. സാമുവൽ പുത്തൻപുരയിൽ (ബാലരാമപുരം വൈദിക ജില്ലാ വികാരി) നടത്തുകയും ഭദ്രാസന ചാൻസിലറും എം.സി.എ. ഭദ്രാസന ഡയറക്ടറുമായ വെരി. റവ. ഫാ. ഹോർമ്മിസ് പുത്തൻവീട്ടിൽ ആമുഖ സന്ദേശവും നടത്തി. മുൻകാല എം.സി.എ. പ്രവർത്തകരായ ഇരുപത്തിയഞ്ച് പേരെ പൊന്നാടയണിയിച്ച് ആദരിച്ചു. റവ. ഫാ. തോമസ് കോയിപ്പുറത്ത് (ഡയറക്ടർ, ബാലരാമപുരം വൈദിക ജില്ല) ഭദ്രാസന പ്രസിഡണ്ട് ധർമ്മരാജ പിൻകുളം,

സിസ്റ്റർ ആനിമേറ്റർ സിസ്റ്റർ മേഴ്സി തോമസ്, സബീഷ് പീറ്റർ തിരുവല്ലം, അഡ്വ. രാജയ്യൻ, ഷാജി വെണ്ണിയൂർ എന്നിവർ പ്രസംഗിച്ചു.

## പഠനശിബിരം

മാർ അപ്രേം പിതാവ് കാലം ചെയ്ത് ഇരുപത്തിയഞ്ച് വർഷം പൂർത്തിയാകുന്നതിനോടനുബന്ധിച്ച് നടത്തുന്ന പഠനശിബിരം 2021 നവംബർ 13 ശനിയാഴ്ച ഉച്ചയ്ക്ക് രണ്ട് മണിമുതൽ അഞ്ചുമണി വരെ പാറശ്ശാല കത്തീഡ്രൽ ദൈവാലയത്തിൽ വച്ച് നടത്തുന്നു.

## വാർഷിക സെനറ്റ്

ഈ വർഷത്തെ വാർഷിക സെനറ്റ് നെയ്യാറ്റിൻകര വൈദിക ജില്ലാ സമിതിയുടെ ആതിഥേയത്വത്തിൽ 2022 ജനുവരി എട്ടാം തീയതി നടത്തുന്നതാണ്. വാർഷിക സെനറ്റിൽ ഒരു വർഷത്തെ ജില്ലാതല റിപ്പോർട്ടുകൾ അവതരിപ്പിക്കേണ്ടതാണ്.

## മാഗസിൻ

ഭദ്രാസന സമിതിയുടെ ഫണ്ട് സമാഹരണവുമായി ബന്ധപ്പെട്ട് ഒരു മാഗസിൻ ചെയ്യാൻ തീരുമാനിച്ചു. അതിനു വേണ്ട നടപടികൾക്കായി പ്രസിഡന്റ് ധർമ്മരാജ്, ജനറൽ സെക്രട്ടറി സബീഷ് പീറ്റർ, ശ്രീ. മോഹനൻ, ശ്രീ. ബേബി, ശ്രീ. പൂഴനാട് രാജൻ, ശ്രീമതി നിഷ, ശ്രീ. ജോയി ഫ്രാൻസിസ്, ശ്രീ. ബെർളിൻ സ്റ്റീഫൻ, ശ്രീ. ലോറൻസ് എന്നിവരെ ഉൾപ്പെടുത്തി മാഗസിൻ കമ്മിറ്റി രൂപീകരിച്ചു.


## ഓൺലൈൻ പരീക്ഷാ പരിശീലനം

മാർത്താണ്ഡം ഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ പ്രവർത്തിക്കുന്ന സെന്റ് പോൾസ് സിവിൽ സർവീസ് അക്കാഡമിയിൽ കേന്ദ്ര സർക്കാരിലെ ഉന്നതമായ വിവിധ ജോലികൾക്കായുള്ള 21 യു.പി.എസ്.സി. പരീക്ഷകൾക്ക് ഓൺലൈൻ പരിശീലനം നൽകുന്നു. 120 മണിക്കൂർ ക്ലാസിനു 10,000 രൂപയാണ് ഫീസ്. പത്താം ക്ലാസ്സിൽ പഠിക്കുന്ന കുട്ടികൾക്ക് മുതൽ മുതിർന്നവർക്ക് വരെ ഈ കോഴ്സിൽ പങ്കെടുക്കാം. നമ്മുടെ ദൈവാലയങ്ങളിലെ പഠനത്തിൽ മുൻപന്തിയിൽ നിൽക്കുന്ന കുട്ടികളെ ഈ കോഴ്സിൽ ചേർക്കുന്നതിനു ബഹു. വൈദികരും ജില്ലാ നേതൃത്വവും യൂണിറ്റ് നേതൃത്വവും പ്രത്യേക ശ്രദ്ധ നൽകണമെന്ന് സ്നേഹപൂർവ്വം അറിയിക്കുന്നു. ഇതുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾ ഭദ്രാസന സമിതി നൽകുന്നതാണ്.

## ആശംസകൾ



ബാലരാമപുരം വൈദിക ജില്ലയിലെ വെണ്ണിയൂർ ഇടവക എം. സി.എ. യൂണിറ്റ് പ്രസിഡന്റും വാഴാമുട്ടം ഗവ. സ്കൂളിലെ അദ്ധ്യാപകനുമായ ശ്രീ. ഷാജി കെ. വി.യ്ക്ക് ഗുരുശ്രേഷ്ഠ അവാർഡും മികച്ച അദ്ധ്യാപകനുള്ള സംസ്ഥാന അവാർഡും ലഭിച്ചു. എം.സി.എ. പാറശ്ശാല ഭദ്രാസന സമിതിയുടെ ആശംസകൾ.



# ബൈബിൾ അപ്പസ്തോലേറ്റ്

**ലോഗോസ് ക്വിസ് 2020-21**

ലോഗോസ് പരീക്ഷ: **19 ഡിസംബർ 2021, 2.00 – 3.30 PM**

പാഠഭാഗങ്ങൾ : **നിയമാവർത്തനം 22-34; പ്രഭാഷകൻ 18-22; മർക്കോസ് 1-8; 1 കോറിന്തോസ് 1-8.**

ഭാഷ: മലയാളം, തമിഴ്, ഇംഗ്ലീഷ്. ഈ വർഷം ഗ്രൂപ്പുവിഭജനം ഇല്ലാതെ ഒറ്റ ചോദ്യപേപ്പർ മാത്രമായിരിക്കും നൽകുന്നത്.

ചോദ്യങ്ങൾ : 100 ചോദ്യങ്ങൾ (4 ഓപ്ഷനുകൾ) + 10 ചോദ്യങ്ങൾ പഠനസഹായി (പഠന ബൈബിൾ), പൊതുവിജ്ഞാനം എന്നിവയിൽ നിന്ന് (റാങ്ക് നിശ്ചയിക്കാൻ മാത്രം). 80 ശതമാനത്തിനു മുകളിൽ മാർക്കു ലഭിക്കുന്നവർക്ക് ബൈബിൾ സൊസൈറ്റിയുടെ സർട്ടിഫിക്കറ്റ്.

സംസ്ഥാനതല ഫൈനൽ : **15 ജനുവരി, 2022.**
(ഓരോ രൂപതയിൽനിന്നും ഒന്നും രണ്ടും റാങ്ക് ജേതാക്കൾ മാത്രം)

സംസ്ഥാനതല സമ്മാനങ്ങൾ: 1: 25000 രൂപ; 2: 20000 രൂപ; 3: 15000 രൂപ; 4: 10000 രൂപ; 5: 5000 രൂപ; പങ്കെടുക്കുന്ന മറ്റുള്ളവർക്ക് : 1500 രൂപ വീതം.

- ♦ പരീക്ഷ അതതു സ്ഥലത്തെ കൊറോണ പ്രോട്ടോക്കോൾ അനുസരിച്ച് നടത്തേണ്ടതാണ്.
- ♦ ലോഗോസ് ക്വിസിന് 2020 ലെ രജിസ്ട്രേഷൻ അനുസരിച്ച് ഇടവകകൾക്ക് പങ്കെടുക്കാം.
- ♦ പുതിയതായി (2020 ന് ശേഷം) രജിസ്റ്റർ ചെയ്യുവാൻ ആഗ്രഹിക്കുന്നവർ 2021 ഒക്ടോബർ 17 ഞായറാഴ്ച വൈകുന്നേരം 7 മണിക്ക് മുമ്പായി ഡയറക്ടറച്ചനെ അറിയിക്കേണ്ടതാണ്.



# സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ

## സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ പാറശ്ശാല സെൻട്രൽ കൗൺസിൽ സമ്മേളനം

സൊസൈറ്റി ഓഫ് വിൻസെന്റ് ഡി പോൾ പാറശ്ശാല സെൻട്രൽ കൗൺസിൽ പ്രസിഡന്റ്, ഭരണസമിതി അംഗങ്ങൾ എന്നിവരുടെ സത്യ പ്രതിജ്ഞാ സമ്മേളനം, 2021 ആഗസ്റ്റ് 22-ാം തീയതി ഞായറാഴ്ച വൈകുന്നേരം 3. 30 ന് പാറശ്ശാല ഭദ്രാസനാധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് പിതാവ് പാറശ്ശാല സെന്റ് മേരീസ് കത്തീഡ്രൽ ദൈവാലയത്തിൽ വച്ച് ഉദ്ഘാടനം ചെയ്തു. പ്രാരംഭ പ്രാർഥനയോടെ ആരംഭിച്ച സമ്മേളനത്തിന് പോങ്ങുമ്മൂട് ഏരിയാ കൗൺസിൽ പ്രസിഡൻറ് ബ്രദർ സ്റ്റീഫൻ സ്വാഗതം അർപ്പിക്കുകയും സീനിയർ വൈസ് പ്രസിഡന്റ് രാജൻ പ്രസിഡന്റ് തെരഞ്ഞെടുപ്പ് റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു.

പാറശ്ശാല സെൻട്രൽ കൗൺസിൽ ആദ്ധ്യാത്മിക ഉപദേഷ്ടാവ് വെരി റവ. ഫാ. ആന്റണി പ്ലാംപറമ്പിൽ, സ്നേഹദീപം മൈനർ സെമിനാരി റെക്ടർ റവ. ഫാ. അലോഷ്യസ് തുണ്ടുതട്ടിൽ എന്നിവർ ആശംസകൾ അർപ്പിച്ചു. പാറശ്ശാല ഭദ്രാസന വികാരി ജനറൽ റൈറ്റ്. റവ. ഫാ. ജോസ് കോണത്തുവിള, ചാൻസിലർ വെരി റവ. ഫാ. ഹോർമ്മിസ് പുത്തൻവീട്ടിൽ, പാമാംകോട് ഏരിയാ കൗൺസിൽ ആധ്യാത്മിക ഉപദേഷ്ടാവ് റവ. ഫാ. മാത്യൂസ് വെട്ടിയോടിതടത്തിൽ, ധനുവച്ചപുരം ഇടവക വികാരി റവ. ഫാ. വർഗ്ഗീസ് വടക്കേതുരുത്തേൽ എന്നിവർ സന്നിഹിതരായിരുന്നു.

നാഷണൽ കൗൺസിൽ ഓഫ് ഇന്ത്യ, തെരഞ്ഞെടുപ്പ്, 2021 ആഗസ്റ്റ് ഒന്നു മുതൽ പ്രാബല്യം നൽകി അംഗീകരിച്ചുകൊണ്ടുള്ള അറിയിപ്പ് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പാറശ്ശാല സെൻട്രൽ കൗൺസിലിന്റെ രണ്ടാമത്തെ പ്രസിഡന്റായി, ധനുവച്ചപുരം ഇടവകയിലെ ബ്രദർ ഐ. വേലപ്പൻ സത്യപ്രതിജ്ഞ ചെയ്ത് ചുമതലയേറ്റെടുത്തു. തുടർന്ന് ഭര

ണസമിതി അംഗങ്ങളുടെ സത്യപ്രതിജ്ഞ പ്രസിഡന്റിന്റെ മുമ്പാകെ നിർവ്വഹിക്കപ്പെട്ടു. സൊസൈറ്റിയെ കഴിഞ്ഞ ആറു വർഷം നയിച്ച പ്രസിഡന്റ് ബ്രദർ ഫ്രാൻസിസ് സുനിതനെ അഭിവന്ദ്യ പിതാവ് മെമെന്റോ നൽകി ആദരിച്ചു. നിയുക്ത പ്രസിഡന്റ് ഐ. വേലപ്പൻ സമ്മേളനത്തിൽ സംബന്ധിച്ച ഏവർക്കും നന്ദിയർപ്പിച്ചു. അഭിവന്ദ്യ പിതാവിന്റെ ആശിർവാദത്തോടെകൂടി സമ്മേളനം വൈകുന്നേരം 4.30ന് സമാപിച്ചു.

## Office Bearers

President : Velappan I., Dhanuvachapuram

Senior Vice President : Rajan, Poozhanadu

Vice President (Tainer) : D. Franics Sunithan, Chemparathivila

Secretary : L. Thankarajan, Kottamam

Joint Secretary : Sajeev, Kuzhinjanvila

Treasurer : P. Paulose, Ettukutty

Joint Treasurer : Sunil Kumar

Project Officer : Saseendran, Kanakuzhi

Project Monitoring Officer : P. Antony, Ambilikonam

Education Officer : J. Johnson, Thiruvallam

Extension Officer : G. Stephan, Eruthavoor

Aggrigation Twinning &
Correspondence Officer : K. John, Kulathoor

Internal Twinning Officer : Vijayan, Kulathamal

Marriage & Medical Officer : Sunil, Venniyoor

Lady Representative : Preetha Remani T. E., Dhanuvachapuram

Office Secretary :

Youth Representative : Aparna G. Wilson, Punnavoor

Chief Editor of 'Vincentian' : D Francis Sunithan

# കുടുംബ പ്രേഷിത കാര്യാലയം



## വിവാഹ ഒരുക്കസെമിനാർ - 2021 ഒക്ടോബർ



പാറശ്ശാല ഭദ്രാസനത്തിൽ കുടുംബ പ്രേക്ഷിത കാര്യാലയത്തിന് ഒരു ഓഫീസ് ആസ്ഥാനം കൊടങ്ങാവിള സ്കൂളിൽ ആരംഭിച്ചു. ഇതിനോടൊപ്പം ചേർന്നു പ്രവർത്തിക്കുന്ന പ്രോ-ലൈഫ് ശുശ്രൂഷകളും ഈ കാര്യാലയവുമായിട്ടാണ് പ്രവർത്തിച്ചുവരുന്നത്. ആത്മീയകാര്യങ്ങളിൽ നമ്മുടെ കുഞ്ഞുങ്ങളെ കൂടുതൽ ദൈവത്തോടും ദൈവാലയത്തോടും ചേർത്ത്, കൃപ നിറയുന്ന കുടുംബങ്ങളായി മാറ്റാനും സാക്ഷ്യം നൽകി ജീവിക്കാനും നമ്മുടെ കുടുംബങ്ങളെ ശക്തിപ്പെടുത്തേണ്ടതായിട്ടുണ്ട്. കുടുംബജീവിതത്തിൽ പ്രവേശിക്കുന്നതിന് മുമ്പ് തന്നെ നല്ലൊരു ഒരുക്കം ആവശ്യമാണ്. 2021 ഓഗസ്റ്റ് 27, 28 തീയതികളിലും ഒക്ടോബർ 1, 2 തീയതികളിലും കൊടങ്ങാവിള കുടുംബ പ്രേക്ഷിത കാര്യാലയത്തിൽ ക്ലാസുകൾ ക്രമീകരിക്കുകയുണ്ടായി.

അഭിവന്ദ്യ യൗസേബിയോസ് പിതാവിന്റെ അനുഗ്രഹത്തോടും ആശീർവാദത്തോടും കൂടെ ആരംഭിച്ച ക്ലാസുകൾക്ക്, വെരി റവ. ഡോ. വർഗ്ഗീസ് നടുതല, റവ. ഡോ. ജോൺ കുറ്റിയിൽ, റവ. ഫാ. ജോർജ്ജ് വെട്ടിക്കാട്ടിൽ, റവ. ഫാ. ഡൊമിനിക് സാവിയോ, സിസ്റ്റർ മേരി ഡൊമ

നിക് ഡി. എം., സിസ്റ്റർ ലൂസിയ ഡി. എം., ഡോ. ജോയ് ജോൺ, ഡോ. തോമസ്കുട്ടി പനച്ചിക്കൽ, ഡോ. ഷിജിൻ ലാൽ, ഡോ. ഷിജിത, ശ്രീ. ശ്യാം കാട്ടാക്കട, അഡ്വ. ലിജോ റോയ് തുടങ്ങിയവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി.

സെമിനാറിൽ പങ്കെടുത്തവർക്ക് വി. കുമ്പസാരം, ദിവ്യകാരുണ്യ ആരാധന, ഗ്രൂപ്പ് ഡിസ്ക്കഷൻസ്, കൗൺസിലിംഗ് എന്നിവയിലൂടെ ആത്മീയ ഒരുക്കം നൽകി. സെമിനാറിൽ പങ്കെടുത്ത എല്ലാവർക്കും ഡയറക്ടർ വെരി റവ. ഫാ. ആന്റണി പ്ലാംപറമ്പിൽ സർട്ടിഫിക്കറ്റ് വിതരണം ചെയ്തു.

## വിവാഹ ഒരുക്ക സെമിനാർ 2021 നവംബർ

നവംബർ മാസത്തെ വിവാഹ ഒരുക്ക സെമിനാർ 5, 6 തീയതികളിൽ കൊടങ്ങാവിള വച്ച് നടത്തപ്പെടുന്നു. വിവാഹ നിശ്ചയം കഴിഞ്ഞ യുവതി യുവാക്കന്മാരെ ഈ സെമിനാറിൽ പങ്കെടുപ്പിക്കാൻ വികാരിയച്ചന്മാർ ശ്രദ്ധിക്കുക.



# Kshema Integrated Development Society (KIDS)

## ക്ഷേമ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് സൊസൈറ്റി ഓഫീസ് ഉദ്ഘാടനവും റെസ്ക്യു കിറ്റ് വിതരണവും



പാറശ്ശാല ഭദ്രാസനത്തിലെ സാമൂഹിക വികസന പ്രസ്ഥാനമായ ക്ഷേമയുടെ ആഭിമുഖ്യത്തിൽ കൊടങ്ങാവിളയിൽ ആരംഭിച്ച ക്ഷേമ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് സൊസൈറ്റി ഓഫീസ് ഉദ്ഘാടനവും റെസ്ക്യു കിറ്റ് വിതരണവും പാറശ്ശാല ഭദ്രാസനാധ്യക്ഷൻ അഭിവന്ദ്യ ഡോ. തോമസ് മാർ യൗസേബിയോസ് 2021 സെപ്റ്റംബർ മാസം അഞ്ചാം തീയതി നിർവഹിച്ചു. ഇതോടനുബന്ധിച്ച് പാറശ്ശാല

ഭദ്രാസനത്തിലെ വിവിധ ഭാഗങ്ങളിൽ ദുരന്തനിവാരണ പ്രവർത്തന ങ്ങൾ ആരംഭിക്കുകയും ഈ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കു ന്നതിനായി ക്ഷേമ സോഷ്യൽ സർവീസ് സൊസൈറ്റിയുടെ ആഭിമുഖ്യ ത്തിൽ പ്രവർത്തനങ്ങൾ നടപ്പിലാക്കിയും വരുന്നു. ഇതോടനുബന്ധിച്ച് നെയ്യാറ്റിൻകര പോലീസ് സ്റ്റേഷനിലും കാഞ്ഞിരംകുളം പോലീസ് സ്റ്റേ ഷനിലും പാറശ്ശാല ഫയർഫോഴ്സ് യൂണിറ്റിനും നെയ്യാറ്റിൻകര മുനി സിപ്പാലിറ്റിക്കും ദുരിതനിവാരണ കിറ്റുകൾ വിതരണം ചെയ്തു. ക്ഷേമ പ്രവർത്തനങ്ങൾക്ക് അഭിവന്ദ്യ പിതാവ് ആശംസ അറിയിക്കുകയും ഈ നാടിൻെറ പുരോഗതിക്കുവേണ്ടി എല്ലാ വിഭാഗം ജനങ്ങളെയും ഉൾപ്പെടു ത്തിക്കൊണ്ട് ക്ഷേമയുടെ പ്രവർത്തനങ്ങൾ നടത്തുവാനായി ആഹ്വാനം ചെയ്യുകയും ചെയ്തു. തദവസരത്തിൽ ക്ഷേമ ഡയറക്ടർ റവ. ഫാ. ജോർജ്ജ് വെട്ടിക്കാട്ടിൽ ഉടൻ നടപ്പിലാക്കുന്ന മൂന്നു ക്ഷേമപ്രവർത്തനങ്ങളെ ക്കുറിച്ച് വിശദീകരിച്ചു. സമൂഹത്തിലെ ദുരിതനിവാരണം ലക്ഷ്യം വയ്ക്കുന്ന നവ ജീവൻ ഡിസാസ്റ്റർ ക്ലീനിക്ക് പോഗ്രാം, കാൻസർ രോഗി കളെ കണ്ടെത്തി സഹായിക്കുന്നതിനായി ആശാകിരണം പ്രോഗ്രാം, സന്നദ്ധ പ്രവർത്തകരുടെ സമരിറ്റൻ ടാസ്ക് ഫോഴ്സ്, വോളണ്ടിയേഴ്സ് പോഗ്രാം എന്നിവയെപ്പറ്റി വിശദീകരിച്ചു. തദവസരത്തിൽ എം.സി.എ. ജില്ലാ നേതൃത്വം ഉയർന്ന മാർക്ക് വാങ്ങി വിജയിച്ച കുട്ടികളെ ആദ രിക്കുകയും ചെയ്തു. കോവിഡ് മാനദണ്ഡം പാലിച്ച് നടത്തിയ ഈ പരിപാടിക്ക് ജില്ലാ വികാരി വെരി റവ. ഫാ. ആന്റണി പ്ലാംപറമ്പിൽ നന്ദി അർപ്പിച്ചു.

## ഫലവൃക്ഷത്തൈകൾ

കേരള സോഷ്യൽ സർ വീസ് ഫോറത്തിന്റെ (KSSF) റൂബി ജൂബിലിയോടനുബ ന്ധിച്ച് പാറശ്ശാല ഭദ്രാസന ത്തിൽ ഫലവൃക്ഷത്തൈകൾ പാറശ്ശാല ഭദ്രാസന കത്തീ ഡ്രൽ ദൈവാലയ പരിസരത്ത് KSSF ന്റെ വൈസ് ചെയർമാൻ കൂടിയായ അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് പിതാവ് നടുകയുണ്ടായി. പ്രകൃതിയെ



സ്നേഹിക്കുവാനും സംരക്ഷിക്കുവാനും ജനങ്ങളെ ബോധവൽക്കരിക്കാനും ഇതുവഴി സാധിച്ചു.

## സന്നദ്ധ പ്രവർത്തകർക്കുള്ള പരിശീലനം.





പാറശ്ശാല ഭദ്രാസനത്തിന്റെ സാമൂഹ്യ വികസന പ്രസ്ഥാനമായ ക്ഷേമയിലെ സന്നദ്ധ പ്രവർത്തകർക്കു വേണ്ടി കാരിത്താസ് ഇന്ത്യ ഒരു പരിശീലന പരിപാടി 2021 സെപ്തംബർ 4–ാം തീയതി സംഘടിപ്പിച്ചു. രാവിലെ 10. 30 ന് കാരിത്താസ് ഇന്ത്യ എക്സിക്യൂട്ടീവ് ഡയറക്ടർ ബഹുമാനപ്പെട്ട പോൾ മൂഞ്ഞേലിയച്ചൻ പരിപാടി ഉദ്ഘാടനം ചെയ്തു. ക്ഷേമയുടെ എല്ലാ സന്നദ്ധ പ്രവർത്തകരും ഈ പരിശീലനത്തിൽ പങ്കെടുത്തു.

## വോളണ്ടിയേഴ്സ് സംഗമം

കേരള സോഷ്യൽ സർവീസ് ഫോറത്തിന്റെ ആഭിമുഖ്യത്തിൽ സുധീർ പ്രൊജക്ടിൽ മൂന്നുമാസക്കാലം സഹകരിച്ച് പ്രവർത്തിച്ച ക്ഷേമ വോളണ്ടിയേഴ്സിനെ പാറശ്ശാല ഭദ്രാസനാധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്ത സെപ്തംബർ 8–ാം

തീയതി, സ്നേഹോപഹാരങ്ങൾ നൽകി ആദരിച്ചു. ക്ഷേമ ഡയറക്ടർ റവ. ഫാ. ജോർജ്ജ് വെട്ടിക്കാട്ടിൽ പാറശ്ശാല ഭദ്രാസനത്തിന്റെ സാമൂഹിക വികസന പ്രസ്ഥാനമായ ക്ഷേമയുടെ ഭാവി പ്രവർത്തനങ്ങളെ പറ്റി സംസാരിച്ചു. മലങ്കര സോഷ്യൽ സർവീസ് സൊസൈറ്റി ഡയറക്ടർ റവ. ഫാ. തോമസ് മുകളുംപുറത്ത്, പാറശ്ശാല ഭദ്രാസന വികാരി ജനറൽ വെരി റവ. ഫാ. സെലിൻ ജോസ് കോണത്തുവിള എന്നിവർ യോഗത്തിന് ആശംസകളർപ്പിച്ചു. പാറശ്ശാല ഭദ്രാസനാധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് അനുഗ്രഹപ്രഭാഷണം നടത്തി. കാരിത്താസ് ഇന്ത്യയുടെ എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഡോ. പോൾ മൂഞ്ഞേലി ആശംസകൾ അർപ്പിച്ചു. തുടർന്ന് റവ. ഡോ. പോൾ മൂഞ്ഞേലിയെയും റവ. ഫാ. തോമസ് മുകളുംപുറത്തിനെയും അഭിവന്ദ്യ പിതാവ് പൊന്നാടയണിയിച്ചാദരിച്ചു.

## DRR വോളണ്ടിയർ സംഗമം



ക്ഷേമ നടപ്പിലാക്കി വരുന്ന പ്രോജക്റ്റായ DRR ന്റെ ഭാഗമായി ഒരു വോളണ്ടിയർ സംഗമം ചെമ്പരത്തിവിള ദൈവാലയത്തിൽ വച്ചു നടത്തി. പ്രാർത്ഥനയോടെ ആരംഭിച്ച മീറ്റിംഗിന് ക്ഷേമയുടെ ഡയറക്ടർ റവ. ഫാ. ജോർജ്ജ് വെട്ടിക്കാട്ടിൽ ആമുഖപ്രസംഗവും സ്വാഗതവും ആശംസിച്ചു. തുടർന്ന് കാരിത്താസ് ഇന്ത്യയുടെ സ്റ്റേറ്റ് ഓഫീസർ ആംസ്ട്രോങ് അലക്സാണ്ടർ ക്ഷേമയുടെ സന്നദ്ധ പ്രവർത്തകർക്ക് ദുരന്ത നിവാരണത്തെപ്പറ്റി ക്ലാസ്സ് എടുത്തു. ചെമ്പരത്തിവിള ദൈവാലയ വികാരി റവ. ഡോ. പ്രഭീഷ് ജോർജ്ജ് ആശംസകൾ അറിയിക്കുകയും തുടർന്ന് റെസ്ക്യൂ കിറ്റ് വിതരണവും നടത്തി. ചെമ്പരത്തിവിള ഏര്യാ പ്രസിഡന്റ് ശ്രീ. വിജീഷ് നന്ദി അർപ്പിച്ചു.

## ഡിസാസ്റ്റർ റിസ്ക് റിഡക്ഷൻ ഫീൽഡ് വിസിറ്റ്

2021 സെപ്തംബർ 24-ാം തീയതി ഡിസാസ്റ്റർ റിസ്ക് റിഡക്ഷൻ ഫീൽഡ് വിസിറ്റ് ചെമ്പരത്തിവിളയിൽ വച്ച് നടത്തി. കാരിത്താസ് ഇന്ത്യയുടെ സ്റ്റേറ്റ് ഓഫീസറായ ആംസ്ട്രോങ്ങ് അലക്സാണ്ടർ തുടർന്ന് വെള്ളപ്പൊക്കം, മണ്ണിടിച്ചിൽ എന്നീ പ്രശ്നങ്ങളാൽ ബുദ്ധിമുട്ടുന്ന പ്ലാവിള, തൊഴുക്കൽ, വഴുതൂർ, രാമേശ്വരം എന്നീ വാർഡുകൾ സന്ദർശിച്ചു.

## ശില്പശാലയ്ക്ക് തിരിതെളിച്ചു



ആശാകിരണം ക്യാൻസർ സുരക്ഷാ യജ്ഞത്തിന്റെ ഭാഗമായി ക്ഷേമ ഇൻറ്റർഗ്രേറ്റഡ് ഡെവലപ്മെന്റ് സൊസൈറ്റിയും മാതൃവേദിയും സംയുക്തമായി, ഒക്ടോബർ 31-ാം തീയതി സ്തനാർബുദ ബോധവൽക്കരണ ശില്പശാല നടത്തുകയുണ്ടായി. കാഞ്ഞിരംകുളം നിത്യസഹായമാത ദൈവാലയത്തിൽ വച്ച് നടത്തപ്പെട്ട ശില്പശാലയ്ക്ക് നെയ്യാറ്റിൻകര വൈദികജില്ലാ വികാരി വെരി റവ. ഫാ. ആന്റണി പ്ലാംപറമ്പിൽ അധ്യക്ഷനായിരുന്നു. റവ. ഫാ. ഷാജി ജോർജ് OIC വിശിഷ്ട വ്യക്തികളെ സ്വാഗതം ചെയ്യുകയും ക്ഷേമ, ഡയറക്ടർ ഫാ. ജോർജ്ജ് വെട്ടിക്കാട്ടിൽ ശിൽപ്പശാലയുടെ ഉദ്ഘാടന കർമ്മം നിർവ്വഹിക്കുകയും ചെയ്തു. റവ. ഫാ. രാജേഷ്, ശ്രീമതി ഡോളി ടീച്ചർ എന്നിവർ ശില്പശാലയ്ക്ക് ആശംസ അർപ്പിച്ച് സംസാരിക്കുകയും ചെയ്തു. ഡോ. സി. ഗ്ലോറിയ ഡി. എം. (MBBS,DCH, MMED, BCCPM) നയിച്ച ശിൽപ്പശാലയിൽ അമ്മമാരും യുവതികളുമായി നൂറോളംപേർ പങ്കെടുത്തു.



# വിദ്യാഭ്യാസം

## കെ.സി.ബി.സി. ജനറൽ ബോഡി മീറ്റിംഗ്


കെ.സി.ബി.സി. ജനറൽ ബോഡി മീറ്റിംഗ് 2021 സെപ്റ്റംബർ 18-ാം തീയതി ശനിയാഴ്ച്ച എറണാകുളം, പാലാരിവട്ടത്തെ കെ.സി. ബി.സി. ആസ്ഥാനത്ത് വച്ച് നടന്നു. അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ് പിതാവ് ഉദ്ഘാടനം ചെയ്തു. ജനറൽ സെക്രട്ടറി ജോഷി വടക്കൻ സ്വാഗതം ആശംസിച്ച സമ്മേളനത്തിൽ പ്രസിഡന്റ് സാലു പതാലിൽ അധ്യക്ഷനായിരുന്നു. റവ. ഫാ. ഡേവിഡ് പനയ്ക്കപ്പള്ളിൽ മുഖ്യപ്രഭാഷണം നടത്തി. 30 രൂപതകളിൽ നിന്നായി നൂറ്റി ഇരുപത്തഞ്ചോളം അംഗങ്ങൾ പങ്കെടുത്തു. പാറശ്ശാല ഭദ്രാസനത്തെ പ്രതിനിധീകരിച്ചു ഭാരവാഹികൾ പങ്കെടുത്തു.

## കേരള കാത്തലിക് ടീച്ചേഴ്സ് ഗിൽഡ് നേതൃത്വസംഗമം

കേരള കാത്തലിക് ടീച്ചേഴ്സ് ഗിൽഡ് സംസ്ഥാന സമിതിയുടെ നേതൃത്വത്തിൽ നടന്ന തെക്കൻ മേഖലാ നേതൃസംഗമം ബിഷപ് ഡോ. പോൾ ആന്റണി മുല്ലശ്ശേരി ഉദ്ഘാടനം ചെയ്തു. സംസ്ഥ9ാന പ്രസിഡന്റ് ബിജു ഓളാട്ടുപുറം അധ്യക്ഷത വഹിച്ചു. കൊല്ലം കോർപറേറ്റ് മാനേ ജർ ഫാ. ബിനു തോമസ്, സംസ്ഥാന ഡയറക്ടർ ഫാ. ചാൾസ് ലെയോൺ, സംസ്ഥാന ജനറൽ സെക്രട്ടറി സി. ടി. വർഗീസ്, ട്രഷറർ മാത്യു ജോസഫ്, തെക്കൻ മേഖലാ പ്രസിഡന്റ് സ്റ്റീഫൻസൺ ഏബ്രഹാം തുടങ്ങിയവർ പ്രസംഗിച്ചു. ദേശീയ വിദ്യാഭ്യാസ നയങ്ങളെക്കുറിച്ചും പുതിയ പദ്ധതികളെക്കുറിച്ചും ചർച്ചകൾ നടന്നു. 12 രൂപതകളിൽ നിന്നുള്ള അധ്യാപകർ പങ്കെടുത്തു.



സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ പാറശ്ശാല സെൻട്രൽ കൗൺസിൽ
സമ്മേളനത്തിൽ പങ്കെടുത്തവർ അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് തിരുമേനിയോടൊപ്പം



പാറശ്ശാല കത്തീഡ്രൽ ദൈവാലയത്തിലെ കൊടിമരം
അഭിവന്ദ്യ ഡോ. തോമസ് മാർ യൗസേബിയോസ് തിരുമേനി കൂദാശ ചെയ്യുന്നു.



പാറശ്ശാല ഭദ്രാസന ഉപദേശി സംഗമത്തിൽ പങ്കെടുത്തവർ പാറശ്ശാല ഭദ്രാസനാദ്ധ്യക്ഷൻ
അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് തിരുമേനിയോടൊപ്പം

Design & Layout : Syam, Nia Graphics, Chowara 9747 044 811



മാർ ഈവാനിയോസ് അനുസ്മരണ യാത്രയുടെ സമാപനത്തിൽ പങ്കെടുത്തവർ
പാറശ്ശാല ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് തിരുമേനിയോടൊപ്പം

Printed and Published by Very Rev. Fr. Hormis Puthenveettil (*Chancellor*)
Diocese of Parassala, Catholic Bishop's House
Kudayal, Ayira P.O., Parassala, Kerala, India 695 502